2016
ജൂലൈ
Pages 08
Vol: 7
Issue No.7

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM
സത്യവചനം സാഹോദര്യം സ്വാതന്ത്ര്യം സഹവർത്തിത്വം

വാർഷിക വരിസംഖ്യ
₹ 100
Published From Vadasserikara
Reg. No. KERBIL/2008/26466
Postal Reg. No.
KLPTA/89/2014-2016
ഒറ്റ പ്രതി: ₹10

# നോർത്ത് ഫീൽഡ് ബൈബിൾ കൺവൻഷൻ ആരംഭിച്ചു.

● 24 ന് സമാപനം




**നോർത്ത് അയർലണ്ട്:** ഇംഗ്ലണ്ട്, അയർലണ്ട്, സ്കോട്ട്ലണ്ട്, വെയ്ൽസ് എന്നീ രാജ്യങ്ങളിൽ നിന്നുള്ള ബ്രദറൺ വിശ്വാസികളുടെ വാർഷിക കൺവൻഷൻ ജൂലൈ 10 ഞായർ മുതൽ 24 ഞായർ വരെ വടക്കേ അയർലണ്ട് കൗണ്ടി ഡൗണിൽ നടക്കുന്നു. അമേരിക്കയിൽനിന്നുള്ള ബ്രദർ ലാറി പ്രൈസ് ഇന്ത്യയിൽനിന്നുള്ള ബ്രദർ ജോൺ കുര്യൻ എന്നിവരാണ് വചനസന്ദേശം നല്കുന്നത്. രണ്ടാം തവണയാണ് കർതൃദാസൻ ജോൺ കുര്യൻ ഈ വലിയ സമ്മേളനത്തിന് വചനശുശ്രൂഷയ്ക്കായി ക്ഷണിക്കപ്പെടുന്നത്. ആയിരങ്ങൾ പങ്കെടുക്കുന്ന മഹാസമ്മേളനം യൂകെയിലെ ആത്മീക ഉണർവിന്റെ ദിനങ്ങളാകാൻ പ്രാർത്ഥിച്ചാലും.

# ഇന്ത്യാ ക്യാമ്പസ് ക്രൂസേഡ് സ്ഥാപക പ്രസിഡന്റ് ഡോ. തോമസ് ഏബ്രഹാം കർതൃസന്നിധിയിൽ.

● സംസ്കാരം ബംഗളൂരുവിൽ



**ബംഗളൂർ:** ഇന്ത്യ ക്യാമ്പസ് ക്രൂസേഡ് ഫോർ ക്രൈസ്റ്റ് സ്ഥാപകനും പ്രസിഡന്റുമായിരുന്ന കാനം കോയിപ്പുറത്ത് ഡോ. തോമസ് ഏബ്രഹാം (81) കാനഡയിലെ ടൊറോന്റോയിൽ വച്ച് ജൂലൈ 14 ന് കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. പൂവത്തൂർ പൂച്ചേരിൽ പരേതയായ മോളി ഏബ്രഹാമാണ് ഭാര്യ. മൂത്തമകൻ സുനിൽ കുടുംബമായി അമേരിക്കയിൽ ജോലിയിലും മകൾ സുനിജ കുടുംബമായി കാനഡയിൽ സുവിശേഷപ്രവർത്തനത്തിലുമാണ്. ഇളയമകൻ സുനിഷ് അമേരിക്കയിൽ സുവിശേഷപ്രവർത്തനത്തിലുമാണ്.

കാനത്തെ ആദ്യകാല ബ്രദറൺ വിശ്വാസിയായിരുന്നു പിതാവ് കെ. വി. ഏബ്രഹാം. സഭയുടെ കെട്ടുപണിയിൽ നിസ്തുല്യമായ സംഭാവനകൾ കോയിപ്പുറത്ത് ഭവനം സമ്മാനിച്ചിട്ടുണ്ട്.

കർതൃശുശ്രൂഷക്കായി നിയോഗം ലഭിച്ചതിലൂടെ കെ.എസ്.ഇ. ബിയിലെ ജോലി രാജിവച്ച് വചനപഠനത്തിനായി അമേരിക്കയിൽ എത്തിയ തോമസ് പഠനശേഷം 1968ൽ ഇന്ത്യൻ വയലുകളിലേക്ക് മടങ്ങി.

➔7

# ഐ.ബി.എഫിന് അനുഗ്രഹസമാപനം

ഷാജി ജോർജ്ജ്



ഇന്ത്യൻ ബ്രദറൺ കുടുംബസംഗമം വെസ്ലിയൻ യൂണിവേഴ്സിറ്റിയിൽ അനുഗ്രഹകരമായി സമാപിച്ചു. ജൂൺ 29 മുതൽ ജൂലൈ 3 വരെ നടന്ന കോൺഫറൻസിൽ അമേരിക്ക, കാനഡ, ഇന്ത്യ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നായി അറുനൂറിലധികം സഹോദരീസഹോദരന്മാർ പങ്കെടുത്തു. യുവാക്കളുടെ സാന്നിദ്ധ്യം കോൺഫറൻസിന് കൂടുതൽ ആവേശം പകർന്നു.

യേശുവിനോടൊപ്പം നടക്കുക എന്ന മുഖ്യപ്രമേയത്തെ അടിസ്ഥാനമാക്കി സഹോദരന്മാരായ സുനിൽ ആൽബേർട്ട്, ബെൻ മാത്യു. വിജി റോബേർട്ട്സ് എന്നിവർ ശക്തമായ ദൂത് നൽകി. കെ. എം. ജോൺ, ജസ്റ്റിൻ ജോർജ്ജ്, സാം കെ. ജോൺ എന്നിവർ രാത്രി യോഗങ്ങളിൽ പ്രസംഗിച്ചു. അലക്സാണ്ടർ കുര്യൻ സഹോദരന്മാരുടെ സമ്മേളനത്തിൽ വചനം പങ്കുവച്ചു. ഏഴു ഗ്രൂപ്പു ക്ലാസുകളിൽ നടന്ന ചർച്ചകൾക്കും പഠനങ്ങൾക്കും മുഖ്യപ്രഭാഷകരെ കൂടാതെ സാം ചെറിയാൻ, എബി ചാക്കോ, വിജി റോബേർട്ട്, ക്രിസ്ത്യൻ റെമിറസ്, ബെൻ മാത്യു, സജീവ് വർഗീസ് എന്നിവരും നേതൃത്വം നൽകി. സഹോദരിമാർക്കായി ജോയ്സ് റോബേർട്ട് ക്ലാസ്സെടുത്തു.


ഇന്ത്യയിൽ നിന്നു സന്ദർശകരായെത്തിയ സുവിശേഷകന്മാർ തങ്ങളുടെ വയൽ വിശേഷങ്ങളും അനുഭവങ്ങളും പങ്കുവച്ചു. അറ്റ്ലാന്റാ

➔7

# ഫിബാ കോൺഫറൻസ് ആഗസ്റ്റ് 10 ന് ആരംഭിക്കും

റെനി അലക്സാണ്ടർ







**ന്യൂയോർക്ക് :** നോർത്ത് അമേരിക്കയിലെയും കാനഡയിലെയും ബ്രദറൺ വിശ്വാസികളുടെ കുടുംബസംഗമം ഫിബ ആഗസ്റ്റ് 10 മുതൽ 14 വരെ കാനഡയിലെ ഒന്റാറിയോ രഡീമർ യൂണിവേഴ്സിറ്റി കോളേജിൽ നടക്കും. 13-ാമത് കോൺഫറൻസാണ്.

അവൻ നടന്നതുപോലെ നടക്കുക യോഹ 2:6 എന്ന പ്രമേയത്തെ അധികരിച്ചുള്ള സന്ദേശങ്ങളും പഠനങ്ങളും ചർച്ചകളും നടക്കും. സഹോദരന്മാരായ പി. ജെ.ജയിംസ്, സജീവ് വർഗീസ്, ജെസി ജെന്റിൽ, ജിം കോൺന്റെ, റോഡ് റിക് ഡാപ്ബ്രി, സ്റ്റീവ് പ്രൈസ് എന്നിവർ പ്രധാന സന്ദേശങ്ങൾ നൽകും.

അനുഗ്രഹീത സുവിശേഷകനും ഗാനരചയിതാവുമായിരുന്ന എം.ഇ. ചെറിയാന്റെ ജീവിതവും ശുശ്രൂഷകളും ഗാനവിശകലനങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയ സുവനീർ സമ്മേളനത്തിൽ പ്രകാശനം ചെയ്യും. 12 ന് വൈകുന്നേരം നടക്കുന്ന ഗാനസന്ധ്യയിൽ ഫിലിപ്പ് കെ. ആൻഡ്രൂസ്, രാജൻ ജെ.പി, ലിജോ ജോർജ്ജ് എന്നിവർ ഗാനങ്ങൾ ആലപിക്കും.

സോദരീസമാജം, സാഹിത്യസമ്മേളനം, ഇന്ത്യയിലെ സുവിശേഷവയലുകളെ പരിചയപ്പെടുത്തൽ കുട്ടികൾക്കും യുവാക്കൾക്കും

➔7

# 113–ാമത് കൺവൻഷൻ കല്ലിശ്ശേരിയിൽ

**പുത്തൻകാവ്:** കല്ലിശ്ശേരി ബിബിസി ഓഡിറ്റോറിയത്തിൽ 113–ാമത് ബ്രദറൺ ജനറൽ കൺവൻഷൻ ഡിസംബർ 25 മുതൽ 2017 ജനുവരി 1 ഞായർ വരെ നടക്കും.

രാത്രിയോഗങ്ങൾ കൂടാതെ പ്രാർത്ഥനായോഗം, സുവിശേഷകരുടെ സമ്മേളനം, സോദരീസമാജം, മിഷനറി മീറ്റിംഗ്, ചിൽഡ്രൻസ് മീറ്റ്, ഫാമിലി കോൺഫറൻസ്, പൊതുസമ്മേളനം, ബൈബിൾ ക്ലാസ് എന്നീ മീറ്റിംഗുകളും നടക്കും.കർതൃദാസന്മാരായ ജോൺ കുര്യൻ, ജോസ് മാത്യൂസ്, ജോൺ പി. തോമസ്, റ്റി.പി. കനകരാജ്, പി.ജി. ജയിംസ്, സ്റ്റീഫൻ ചെറിയാൻ, എബി കെ. ജോർജ്ജ്എന്നിവരാണ് ഇത്തവണ വചനസന്ദേശം നൽകുന്നത്. യോഗാനുഗ്രഹങ്ങൾക്കായി സഹോദരീ സഹോദരന്മാരുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. എം. ചാക്കോ ഫിലിപ്പ് (കൺവീനർ) 9447141695




# സമയം അമൂല്യം; അതുല്യം: രാജു കെ. തോമസ്

**പുത്തൻകാവ്:** മനുഷ്യായുസിലെ ഏറ്റവും അമൂല്യവും അതുല്യവുമായ സ്ഥാനമാണ് സമയത്തിനുള്ളത്. യഥാവിധി അവയെ ഉപയോഗപ്പെടുത്തുന്നവർക്കേ ജീവിതത്തിൽ വിജയം നേടാനാവൂ. സമയത്തെ തക്കത്തിൽ ഉപയോഗിക്കുവാൻ പൗലോസിന്റെ നിർദ്ദേശം ദൈവജനത്തിനുണ്ട്. വിലകൊടുത്ത് വാങ്ങുക എന്ന ആശയവും അതിൽ അടങ്ങിയിട്ടുണ്ട്. ബ്രദർ രാജു കെ. തോമസ് ഓർമ്മിപ്പിച്ചു.

സുവിശേഷകൻ ബാലസംഘം ജനറൽ സംഘടിപ്പിച്ച സ്പെഷ്യൽ ക്യാമ്പിൽ അദ്ധ്യക്ഷപ്രസംഗം ചെയ്യുകയായിരുന്നു അദ്ദേഹം. ബ്രദർ കെ.എ. ഫിലിപ്പ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സണ്ണി റ്റി.ഫിലിപ്പ് മുഖ്യസന്ദേശം നൽകി. സി. റ്റി.ജോണിക്കുട്ടി, ഡോ. ജോൺസൺ സി.ഫിലിപ്പ് എന്നിവർ ആശംസകൾ അർപ്പിച്ച് പ്രസംഗിച്ചു. ജെസ്വിൻ, ബെറ്റീന എന്നിവർ ഗാനങ്ങൾ ആലപിച്ചു. എസ്.ബി. എസ് ജനറൽ പ്രസിഡന്റ് ബ്രദർ ഏബ്രഹാം തോമസ് സ്വാഗതവും ഗോഡ്സൺ വാലയിൽ കൃതജ്ഞതയും പ്രകാശിപ്പിച്ചു. ബിനു

➔7

## എഡിറ്റോറിയൽ

# വിസ്മരിക്കരുത് വന്ന വഴികൾ

മറവി രോഗം മാത്രമല്ല. ഒരു അനുഗ്രഹവുമാണ്. ദൈവവും ചിലത് മറക്കുന്നുണ്ട്. എന്നാൽ മനുഷ്യർ എല്ലാം വിസ്മരിക്കാൻ പാടില്ല. കുറച്ചുകാര്യങ്ങളെങ്കിലും നമ്മോടൊപ്പം കരുതേണ്ടതുണ്ട്. യാത്രയുടെ ഒടുവോളം അവ കൃതാർത്ഥത നൽകിക്കൊണ്ടിരിക്കും.

അതിവിശുദ്ധ സ്ഥലത്ത് സൂക്ഷിച്ചിരുന്ന നിയമപെട്ടകത്തിൽ ഒരിടങ്ങഴി മന്നയും അഹറോന്റെ തളിർത്ത വടിയും  നിയമത്തിന്റെ കല്പലകയും വച്ചിരുന്നു. മരുഭൂമിയിലെ യാത്രയിൽ ഇസ്രയേലിന്റെ വഴികാട്ടിയായിരുന്നു ഈ നിയമപെട്ടകം.

ഗൗരവമേറിയ ആത്മീകസത്യങ്ങൾ ഇസ്രായേല്യരെ ബോധ്യപ്പെടുത്തിയിരുന്ന ഈ നിയമപെട്ടകം പലതവണ അവരിൽനിന്നും ശത്രുക്കൾ കൊണ്ടുപോയിട്ടുണ്ട്. ആ കാലങ്ങൾ ദൈവജനത്തിന് തകർച്ചയുടേതായിരുന്നു.

ദൈവത്തിന്റെ ഉപകാരങ്ങൾ മറക്കരുത് എന്ന് ദാവീദ് സ്വന്തം അനുഭവങ്ങളിലൂടെ സാക്ഷിക്കുന്നുണ്ട്. അപ്പന്റെ ആടുകളെ ഒരു കൂലിക്കാരനെപ്പോലെ സംരക്ഷിക്കുന്ന ജോലിയായിരുന്നു തനിക്ക്. ഇസ്രായേലിന്റെ രാജസ്ഥാനത്തേക്ക് ദൈവം അവനെ തെരഞ്ഞെടുത്തു. സിംഹാസനവും ചെങ്കോലും കിരീടവും ലഭിച്ചു. ഒടുവോളം വന്ന വഴി മറന്നുപോകാതെ ഹൃദയത്തിൽ ദൈവത്തോടുള്ള കടപ്പാട് സൂക്ഷിച്ച് ദാവീദ് ജീവിച്ചു.

കർത്താവായ യഹോവേ, അടിയനെ ഇത്രത്തോളം കൊണ്ടുവരുവാൻ അടിയൻ എന്തുള്ളു. അടിയന്റെ കുലവും എന്തുള്ളു എന്നു ദാവീദ് ചോദിച്ചതും പറഞ്ഞതും സിംഹാസനം ലഭിച്ച ദിവസത്തിന്റെ പ്രഭാതത്തിലായിരുന്നില്ല. വയോവൃദ്ധനായി സിംഹാസനം അടുത്തയാൾക്ക് കൈമാറാനുള്ള സമയത്താണ്.

നെബുക്കദ്നേസറും ദാവീദിനെപ്പോലെ ഒരിക്കൽ രാജാവായി. ബാബേലിന്റെ അധികാരത്തിൽ വാണു. ദാനിയേൽ എന്ന ദൈവമനുഷ്യന്റെ പ്രബോധനവും ദൈവദൂതും തനിക്ക് ലഭിച്ചിരുന്നു. മുന്നറിയിപ്പ് ലഭിച്ച് പന്ത്രണ്ടു മാസം പിന്നിട്ട ദിനങ്ങളിൽ അവന്റെ ഹൃദയം അവനിൽ നിഗളിച്ചു. ദാനിയേൽ 4:30. മറവിയും അവഗണനയും നൽകി ഫലം. ആ നിഗളവും ദൈവനിഷേധവും താൻതന്നെ പണിതുയർത്തിയ ദന്തമന്ദിരങ്ങളിൽനിന്നും വനത്തിന്റെ ഭീകരതയിലേക്കും ഏകാന്തതയിലേക്കും വന്യജീവികളുടെ നടുവിലേക്കും അവനെ ആനയിച്ചു. മഞ്ഞും മഴയും അവനുമീതെ കടന്നുപോയി. ഗതികെട്ട ആ സിംഹം പുല്ലുതിന്ന് ജീവൻ നിലനിർത്തി. താൻ ആരുമല്ലെന്നും ഒന്നുമല്ലെന്നും വെറും നിസ്സാരനാണെന്നും തിരിച്ചറിഞ്ഞ, സമ്മതിച്ച ദിനം. അവൻ കൊട്ടാരത്തിലേക്ക് മടങ്ങി ദാനിയേൽ 4:37.

ഈ ദുരന്താനുഭവം കൊട്ടാരത്തിലും സിംഹാസനങ്ങളിലും ശുശ്രൂഷാസ്ഥാനത്തും ഇരിക്കുന്നവർ വിസ്മരിക്കരുത്. പൗലോസ് പറയുന്നു. “സഹോദരന്മാരേ നിങ്ങളുടെ വിളിയെ നോക്കുവീൻ” കൊരിന്ത്യർ 1:26, കാഴ്ചയുള്ള, ഉൾക്കാഴ്ചയുള്ള കണ്ണുവേണം. ആവശ്യം വന്നാൽ കുറച്ചു ലേപനം വിലകൊടുത്ത് വാങ്ങുകയുമാകാം വെളിപ്പാട് 3:18.

വിളിക്കപ്പെട്ടവരും തെരഞ്ഞെടുക്കപ്പെട്ടവരും ജ്ഞാനികൾ അല്ല. ബലവാന്മാരും അല്ല. കുലീനന്മാരും അല്ല. ഭോഷന്മാരെയും ബലഹീനരെയും കുലഹീനരേയും നികൃഷ്ടരെയും അവിടുന്ന് തെരഞ്ഞെടുത്തു. ഇന്ന് ഇത് ആരൊക്കെ സമ്മതിക്കുമോ ആവോ? ഒരു ജഡവും ദൈവസന്നിധിയിൽ പ്രശംസിക്കരുതെന്ന് തമ്പുരാന് നിർബന്ധമുണ്ട്. എങ്ങനെയോ കൈവന്ന ശുശ്രൂഷാമികവിൽ നിഗളികളായി മാറിയ കർത്താവിന്റെ ‘വിലയേറിയ ദാസന്മാർ’ ഉണ്ട്. മറ്റുള്ള എല്ലാവരേയും അവഗണിക്കയോ നിസ്സാരരായി കാണുകയോ ചെയ്യുന്നവർ. പലരുടെയും ഔദാര്യത്താൽ വളർന്നവരും ധനികരുമായവരുമുണ്ട്. വന്നവഴികൾ പാടെ മറന്നുപോയവർ. പൈതൃകമായി സൂചി കുത്താൻ സ്ഥലമില്ലതിരുന്നവരും ഇന്ന് അവയെ വിസ്മരിച്ച് സമ്പന്ന കുടുംബങ്ങളെ ചേർത്തുപിടിച്ചു വൃഥാഭിമാനികളായി അവതരിക്കുന്നു.

ഇന്നിന്റെ കൊട്ടാരത്തിലും കാറുകളിലും  എസ്റ്റേറ്റിലും ഉന്നതജോലിയിലും വരുമാനങ്ങളിലും സമ്പത്തിലും വിദേശജോലിയിലും മക്കളിലും അവരുടെ മികവിലും വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും ഒന്നിലും ആരും പ്രശംസിക്കരുതേ.

പൗലോസ് തന്റെ വിളിയെ ആഘോഷിച്ച വ്യക്തിയാണ്. ആ വിളിയുടെ പ്രഘോഷകനുമായി താൻ ജീവിതത്തിന്റെ കൈപ്പായ ഒട്ടേറെ അനുഭവങ്ങൾ സഹിച്ചു. വിശ്വാസവും ഓട്ടവും ഒടുവിലത്തെ ശ്വാസംവരെ കൂടെ ഉണ്ടായി. അപ്പോസ്തലന്മാരിൽ വച്ച് ഏറ്റവും അധികം അദ്ധ്വാനിച്ചതും ഈ വലിയ മനുഷ്യൻ. പ്രശംസിക്കാൻ വക ഒത്തിരിയുണ്ടായിരുന്നു. ഫിലിപ്യർ 3:4-7, 2 കൊരിന്ത്യർ 11:22-30.

എന്നാൽ ഒടുവിലത്തെ നാളുകളിൽ താൻ പറഞ്ഞത് “ ഞാൻ ആകുന്നത് കൃപയാൽ ആകുന്നു” ചത്ത നായെപ്പോലെ ഇരിക്കുന്ന അടിയനെ കടാക്ഷിപ്പാൻ അടിയൻ എന്തുള്ളു എന്നേ മെഫിബോശേത്ത് പറഞ്ഞുള്ളു. ഇവയ്ക്ക് മീതെ പറയാൻ ആർക്കു കഴിയും? അതിന് ആരുടെ നാവ് ഉയരും? കൃപയിൽ ആരംഭിച്ച് കൃപയാൽ നയിക്കപ്പെട്ട് കൃപയിൽ സമാപിക്കുന്ന ഒന്നായി നമ്മുടെ ജീവിതം മാറട്ടെ. പ്രശംസ കർത്താവിൽ മാത്രമാകട്ടെ. മറിച്ചുള്ളതൊന്നും കർത്താവിന് സന്തോഷമാകയില്ല.

ക്രിസ്തീയ ദർശനം CHRISTHEEYA DARSANAM
എഡിറ്റർ **സി. റ്റി. ജോണിക്കുട്ടി** 9447601955
പ്രസാധകൻ **രാജു കെ. തോമസ്** 9447074308
മാനേജിങ് എഡിറ്റർ **നിനോ കെ. തോമസ്** 9947744455
എഡിറ്റോറിയൽ ബോർഡ് **വർഗീസ് തോമസ്, ജേക്കബ് സാം, ലിജോ വർഗീസ് പാലമറ്റം, ജോസഫ് മാത്യു, സാജൻ കുരവയ്ക്കൽ, ജോമോൻ തോമസ്, സി. സത്യദാസ്, ജോൺസൻ പി. സാം, പി.പി. വർഗീസ്**
വിദേശ പ്രതിനിധികൾ **ഫിലിപ്പ് കെ. ആൻഡ്രൂസ്, ബിജോയ് പുന്നൻ, റോജി വർഗീസ്, ബിജോയ് തോമസ്.**

## ധ്യാനം

# വഴിയും മാർഗ്ഗവും



ഡോ. റൂബിൽ രാജ്

അശ്വതി മൂന്നു വർഷം മുമ്പ്  എന്റെ വിദ്യാർത്ഥിനിയായി കടന്നു വന്ന ഒരു ഗ്രാമീണ പെൺകുട്ടി. പ്ലസ്ടൂ വിന്റെ ഉയർന്ന മാർക്കും, ഉയരണമെന്ന ആഗ്രഹവും മാന്യമായ പെരുമാറ്റവും മാത്രമായിരുന്നു ആ കുട്ടിയുടെ കൈമുതൽ. പഠിച്ച സ്ഥലങ്ങളിലൊക്കെ അദ്ധ്യാപകരുടെ പ്രിയങ്കരി എന്ന ബഹുമതിയും കൂട്ടിനുണ്ടായിരുന്നു.

***There is always a way through things if you work hard enough and look close. It all depends on your level of determination***

***Liz murray***

കഠിനാദ്ധ്വാനം ചെയ്തുകൊണ്ട് മുമ്പോട്ട് സൂക്ഷിച്ചുനോക്കിയാൽ വഴിതെളിയും. എല്ലാം നമ്മുടെ നിശ്ചയദാർഢ്യത്തെ ആശ്രയിച്ചിരിക്കും. പരിമിതികൾ നിരവധി ഉണ്ടായിട്ടും പൊരുതി വിജയിച്ച ഒരു പെൺകുട്ടിയുടെ ജീവിതസാക്ഷ്യമാണ് മുകളിലെ വരികളിൽ തെളിയുന്നത്.

അത്തരമൊരു പെൺകുട്ടിയെയാണ് ഈ വിജയരേഖയിൽ പരിചയപ്പെടുത്തുന്നത്. അശ്വതി മൂന്നു വർഷം മുമ്പ്  എന്റെ വിദ്യാർത്ഥിനിയായി കടന്നുവന്ന ഒരു ഗ്രാമീണ പെൺകുട്ടി. പ്ലസ്ടൂ വിന്റെ ഉയർന്ന മാർക്കും, ഉയരണമെന്ന ആഗ്രഹവും മാന്യമായ പെരുമാറ്റവും മാത്രമായിരുന്നു ആ കുട്ടിയുടെ കൈമുതൽ. പഠിച്ച സ്ഥലങ്ങളിലൊക്കെ അദ്ധ്യാപകരുടെ പ്രിയങ്കരി എന്ന ബഹുമതിയും കൂട്ടിനുണ്ടായിരുന്നു. കോളേജിലെത്തിയപ്പോൾ അവൾക്ക് അത് പുതിയൊരു ലോകമായിരുന്നു. അന്തരീക്ഷം വ്യത്യസ്തം, കുട്ടികൾ വിഭിന്നർ, അദ്ധ്യാപകർ തിരക്കുള്ളവർ, ഇടിച്ചുകയറാൻ ഇഷ്ടംപോലെ സതീർത്ഥ്യർ, ആശയവിനിമയം ഇംഗ്ലീഷിൽ, അവസരങ്ങൾ ധാരാളം. പക്ഷെ, മിടുക്കർ വിനിയോഗിക്കുന്നു, എന്നിങ്ങനെ ആത്ഭുതലോകത്തിൽപ്പെട്ട ആലീസിനെപ്പോലെയായിരുന്നു ആദ്യ വർഷം. പഠിത്തം അവസാനിപ്പിച്ച് വീടിനടുത്തുള്ള കോളേജിലേക്ക് മാറിയാലോ എന്നുവരെ ആ കുട്ടി ചിന്തിച്ചു. എന്നാൽ പരാജയപ്പെടാൻ, വിട്ടുകൊടുക്കാൻ അവൾ ഒരുക്കമായിരുന്നില്ല. മുമ്പോട്ടുള്ള വഴി കരുതിക്കൂട്ടി തീരുമാനിച്ച് അവൾ കഠിനാദ്ധ്വാനം ചെയ്തു. അവസാനം ആഗ്രഹംപോലെ ഇന്ത്യയിലെ പ്രശസ്തമായ ഒരു ഷെഡ്യൂൾ ബാങ്കിൽ കാമ്പസ് പ്ലേസ്മെന്റ് വഴി അവൾ ഇടം കണ്ടെത്തി. ജോലിയിൽ പ്രവേശിക്കുവാൻ കാത്തിരിക്കുന്നു.

എന്താണ് ആ കുട്ടിയുടെ വിജയമാർഗ്ഗം. അനേകം കലാലയ വിദ്യാർത്ഥികൾക്ക് അത് പ്രചോദനമാവും എന്നതുകൊണ്ട് കുറിക്കട്ടെ.

1. ശക്തിയും ദൗർബ്ബല്യവും തിരിച്ചറിഞ്ഞു. തന്റെ ശക്തി കുലീനമായ പെരുമാറ്റവും, ഗ്രഹണശേഷിയും, അദ്ധ്വാനശീലവുമാണെന്നും ദൗർബ്ബല്യം ഇംഗ്ലീഷ് ഭാഷയിലെ പ്രാവീണ്യക്കുറവും ആത്മവിശ്വാസമില്ലായ്മയാണെന്നും അവൾ മനസ്സിലാക്കി. ഇത് പരിഹരിക്കുവാൻ കൂട്ടുകാരോടും അദ്ധ്യാപകരോടും ഇംഗ്ലീഷിൽ സംസാരിക്കുകയും, ഓരോ ദിവസവും ഒരു പേജ് ഇംഗ്ലീഷ് എഴുതി എന്നെ കാണിച്ച് തിരുത്തൽ വാങ്ങുകയും ചെയ്തു. അവധി ദിവസങ്ങളിൽ പോലും അവൾ ഈ പതിവ് തുടർന്നു.

2. പാറയെക്കാൾ കരുത്തുള്ള നിശ്ചയദാർഢ്യം. ഡിഗ്രി കഴിഞ്ഞ ഉടൻ ജോലിക്കു കയറണമെന്നും ഇല്ലെങ്കിൽ ബിരുദാനന്തര പഠനമെന്നും അശ്വതി ഉറപ്പിച്ചിരുന്നു. വായനയും പഠനവും പരിശീലനവുമെല്ലാം ഈ ലക്ഷ്യങ്ങൾ മുൻനിർത്തിയായിരുന്നു.

3. അവസരങ്ങൾ പ്രയോജനപ്പെടുത്തി.

കോളേജിൽ വളരാൻ ലഭിച്ച അവസരങ്ങളെല്ലാം ഒഴികഴിവുകൾ ഒന്നും പറയാതെ ആ കുട്ടി പ്രയോജനപ്പെടുത്തി. ഒന്നിൽനിന്നും മാറി നിൽക്കാതെ എല്ലാറ്റിനോടും ചേർന്നു നിൽക്കുവാൻ അവൾ പരിശ്രമിച്ചു.

4. പഠനകാലത്തെ ഗൗരവമായി സമീപിച്ചു.

പഠനകാലത്ത് വിഭിന്ന താൽപര്യങ്ങളോ ഇഷ്ടങ്ങളോ ഉണ്ടാവരുതെന്നും, ഉല്ലാസകാലമായി പഠനകാലത്തെ കാണരുതെന്നും അവൾ തീരുമാനിച്ചുറപ്പിച്ചിരുന്നു. പഠനവും പാഠ്യേതര പ്രവർത്തനങ്ങളും ഒരുപോലെ കൊണ്ടുപോകുവാൻ അവൾക്ക് സാധിച്ചു.

5. കലാലയത്തിലെ സൗകര്യങ്ങൾ ഉയർച്ചയ്ക്കായി ഉപയോഗിച്ചു.

ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, മനുഷ്യവിഭവശേഷി വികസന പരിപാടികൾ, വ്യക്തിത്വ വികസന സംരംഭങ്ങൾ, മൂല്യബോധന പരിശീലനം എന്നിവയുടെ പ്രയോജനം തിരിച്ചറിഞ്ഞ് അവയെല്ലാം സ്വവളർച്ചയ്ക്കായി ഉപയോഗിച്ചു.

പരിമിതികൾ തടസ്സമാണെങ്കിലും നിശ്ചയദാർഢ്യത്തിലൂടെ അവയെ അതിജീവിക്കാനാവും എന്ന പാഠമാണ് അശ്വതി പഠിപ്പിക്കുന്നത്. ഇത് നമുക്കും ജീവിതപാഠമാകട്ടെ.

# ബൈബിളും ശാസ്ത്രവും: സെമിനാർ നടന്നു

**പത്തനംതിട്ട:** ബ്രദ്റൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ബൈബിളും ശാസ്ത്രവും എന്ന വിഷയത്തിൽ ഒരു സമ്മേളനം ജൂലൈ 16 ശനി 10 മുതൽ 1 വരെ ബി.ബി.ഐ. ഓഡിറ്റോറിയത്തിൽ നടന്നു. ഡോ. ജോർജ്ജ് ജോൺസൻ വിഷയാവതരണം നടത്തി.

ബൈബിളും ശാസ്ത്രവും തമ്മിൽ യാതൊരു വൈരുദ്ധ്യവും ഇല്ലെന്നും ആധുനിക ശാസ്ത്രം ബൈബിൾ സത്യങ്ങൾ സാധൂകരിക്കുന്നു എന്നും അദ്ദേഹം തെളിവുകൾ സഹിതം വ്യക്തമാക്കി. ശാസ്ത്രമെന്ന പേരിൽ സ്കൂളുകളിലും കോളേജുകളിലും പഠിപ്പിക്കുന്ന പരിണാമവാദം വെറും വാദം മാത്രമാണെന്നും ശാസ്ത്രമായി അംഗീകരിക്കുവാൻ പാടില്ല എന്നും അദ്ദേഹം വ്യക്തമാക്കി.



സഭകൾ യുവതീയുവാക്കന്മാരെ ഈ യോഗത്തിലേക്ക് പ്രോത്സാഹിപ്പിച്ച് അയയ്ക്കുകയുണ്ടായി. ക്രിസ്തീയ വിശ്വാസ സംഹിതയ്ക്ക് എതിരെ വരുന്ന ആശയങ്ങളെ പ്രതിരോധിക്കുക, ക്രിസ്തീയ വിശ്വാസ സത്യങ്ങളെ തെളിയിക്കുക, എന്നീ മേഖലകളിൽ നമ്മുടെ വിശ്വാസി കളെ വളർത്തിയെടുക്കുന്നതിന് ഇത്തരം സമ്മേളനങ്ങൾ സഹായിക്കും. ഈ നിലയിലുള്ള സമ്മേളനങ്ങൾ ക്രമീകരിക്കുന്ന തിന് താല്പര്യമുള്ളവർ ബന്ധപ്പെടുക.

**ഒ.റ്റി. ചെറിയാൻ**
**ഡോ. കെ.സി. ജോൺസൺ**
**09447265500.**

## 100 രൂപ മാത്രം നൽകി ക്രിസ്തീയദർശനം വായിക്കുക

നിങ്ങൾ തീരുമാനിക്കു.
ഇത്തവണയും പരിശോധിക്കു.
മാസികമെച്ചമല്ലേ?വേറിട്ട വായനാശൈലി സമ്മാനിക്കുന്ന, ആത്മീയ പരിപോഷണം നൽകുന്ന ക്രിസ്തീയ ദർശനത്തിന് പ്രാർത്ഥനയും പിന്തുണയും പ്രോത്സാഹനവും അനിവാര്യം. വാർഷിക വരിസംഖ്യ 100 രൂപയും കുടിശികയും ചേർത്ത് ഇന്നു തന്നെ ക്രിസ്തീയദർശനത്തിന്റെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയച്ചാലും
**Nino Thomas**
**Kalloth River View**
**Vadaserikara P.O. 689662**

ക്രിസ്തീയദർശനത്തിനുള്ള
രചനകൾ, കുറിപ്പുകൾ, അറിയിപ്പുകൾ
**ക്രിസ്തീയദർശനം**
**പോസ്റ്റ് ബോക്സ് 3**
**എരുമേലി പി.ഒ., 686509**
എന്ന വിലാസത്തിൽ അയച്ചാലും.



# യുദ്ധവും പണിയും



കെ.എ. ഫിലിപ്പ്

ദൈവം ഇന്ന് അന്വേഷിക്കുന്നത് ആത്മാർത്ഥതയുള്ള പണിക്കാരെയാണ്. യുദ്ധസജ്ജരായി നിന്ന് പണിയെടുക്കുന്നവരെ. ഇന്നു നമുക്ക് അതിന്റെ അഭാവമുണ്ട്. ഒരു സ്വയപരിശോധയിലൂടെ 'ഞാൻ' ഏതുതരം പണിക്കാരനാണ് എന്നു വിലയിരുത്താം. മറ്റുള്ളവരെ നാം വേണ്ടുവോളം വിമർശിച്ചു കഴിഞ്ഞു അതുകൊണ്ട് ഇനിയും ഓരോ വ്യക്തിയും അയാളെത്തന്നെ വിലയിരുത്തട്ടെ. പണിയാണോ പൊളിക്കലാണോ നടത്തുന്നത് എന്ന്. അതുപോലെ തന്നെ പിൻതുണയാണോ അതോ പിന്നിൽ നിന്നു കുത്തുകയാണോ ചെയ്യുന്നതെന്ന്. യുദ്ധവും പണിയും ഒരുമിച്ചു നടക്കട്ടെ, ഇടവിടാതെയുള്ള പ്രാർത്ഥനയും.

സാധാരണഗതിയിൽ അന്യോന്യം ബന്ധമില്ലാത്ത രണ്ടു കാര്യങ്ങളാണ് യുദ്ധവും പണിയും. എന്നാൽ യുദ്ധത്തിനിടയിൽ പണിയും പണിക്കിടയിൽ യുദ്ധവും ചെയ്യേണ്ട അസാധാരണ സന്ദർഭങ്ങളുണ്ടാകാം. യുദ്ധം ചെയ്തു മുന്നേറുന്ന സൈന്യം പാലങ്ങളും റോഡുകളും ഒക്കെ നിർമ്മിക്കേണ്ടതുണ്ട്. അപ്പോൾതന്നെ പണിയെ തടസ്സപ്പെടുത്തുന്ന ശത്രുനിരയെ യുദ്ധംചെയ്തു തോല്പിക്കേണ്ടതുമുണ്ട്. അസാധാരണമെന്നു നാമിപ്പറഞ്ഞകാര്യം ക്രിസ്തീയ ജീവിതത്തിൽ സാധാരണയാണ്. അതുകൊണ്ട് യുദ്ധവും, നിർമ്മാണവും തുല്യപ്രാധാന്യത്തോടെ നടത്തേണ്ടിയിരിക്കുന്നു. അതിനുവേണ്ട മാർഗ്ഗനിർദ്ദേശം യിസ്രായേലിന്റെ ചരിത്രത്തിലെ ഒരു സന്ദർഭത്തിൽനിന്നു നമുക്കു ലഭ്യമാണ്.

യരുശലേമിലേക്കു മടങ്ങിവന്ന പ്രവാസികൾ നെഹമ്യാവിന്റെ നേതൃത്വത്തിൽ മതിൽ പണിയുന്ന അവസരം. ശക്തരായ ശത്രുക്കൾ പണിമുടക്കാൻ ശക്തമായിത്തന്നെ ശ്രമിക്കുന്നു. ഈ ദുർഘടസന്ധിയെ നെഹമ്യാവും കൂട്ടരും നേരിട്ടവിധമാണ് നാം മാതൃകയായിട്ടെടുക്കേണ്ടത്. അവർ സ്വീകരിച്ച പ്രവർത്തന രീതി നെഹമ്യാവിന്റെ പുസ്തകം 4 -ാം അദ്ധ്യായത്തിൽ കാണാം.

യരുശലേമിനുനേരെ ചെന്ന് യുദ്ധം ചെയ്യാനും അവിടെ കലക്കമുണ്ടാക്കാനും ശ്രമിച്ച ശത്രുക്കൾക്കു നേരെ ദൈവത്തിന്റെ ജനം എടുത്തുപയോഗിച്ച ആദ്യത്തെ ആയുധം പ്രാർത്ഥനയാണ്. "ഞങ്ങളോ തങ്ങളുടെ ദൈവത്തോടു പ്രാർത്ഥിച്ചു" (4:9) എന്നാണ് നെഹമ്യാവു പറയുന്നത്. നമ്മുടെ എല്ലാ പ്രവർത്തനങ്ങളുടെയും അടിസ്ഥാനവും ആരംഭവും പ്രാർത്ഥനയായിരിക്കണം. നമ്മുടെ കർത്താവു കല്പിച്ചതും അതുതന്നെ. "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പിൻ" (മത്തായി 4:11). അപ്പോസ്തോലനായ പൗലോസും ഇതേ കാര്യം പറയുന്നു. അതും യുദ്ധത്തോടു ബന്ധിപ്പിച്ചുതന്നെ. വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും ഉള്ള നമ്മുടെ പോരാട്ടത്തിൽ നാം ധരിച്ചിരിക്കേണ്ട സർവ്വായുധവർഗ്ഗത്തെപ്പറ്റിപറഞ്ഞശേഷം "സകല പ്രാർത്ഥനയാലും യാചനയാലും ഏതുനേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിനായി ജാഗരിച്ചുംകൊണ്ട് സകല വിശുദ്ധന്മാർക്കും എനിക്കുംവേണ്ടി പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ" എന്നാണു നിർദ്ദേശം (എഫേ. 6:18). പ്രാർത്ഥനയോടൊപ്പം നിതാന്ത ജാഗ്രതയും അത്യാവശ്യമാണ്. ഈ ജാഗ്രത നെഹമ്യാവും കൂട്ടരും അക്ഷരാർത്ഥത്തിൽ തന്നെ പുലർത്തുകയുണ്ടായി. "അവരുടെ നിമിത്തം രാവും പകലും കാവൽക്കാരെ ആക്കേണ്ടിവന്നു" എന്നാണു നെഹമ്യാവു പറയുന്നത്.

കാര്യങ്ങൾ ഇതുകൊണ്ടു തീർന്നില്ല. ശത്രുവിന്റെ ഏത് ആക്രമണത്തേയും ചെറുക്കുവാനുള്ള മുൻകരുതൽ ആവശ്യമായിരുന്നു. അതുകൊണ്ട് നെഹമ്യാവ് ചെയ്തതിതാണ്. "മതിലിന്റെ പിമ്പുറത്ത് പൊക്കം കുറഞ്ഞ സ്ഥലങ്ങളിലും തുറന്നു കിടക്കുന്ന സ്ഥലങ്ങളിലും ആളുകളെ ആക്കി ജനത്തെ കുടുംബം കുടുംബമായി വാളുകളോടും കുന്തങ്ങളോടും വില്ലുകളോടും കൂടെ നിർത്തി". നമ്മുടെ സ്വകാര്യജീവിതത്തിലും സഭാജീവിതത്തിലും ശത്രുവിന് എളുപ്പം കയറിവരാവുന്ന 'പൊക്കം കുറഞ്ഞതും' തുറന്നുകിടക്കുന്നതുമായ സ്ഥലങ്ങളുണ്ട്. വഴികേടുകളിലേക്കു തുറന്നു കിടക്കുന്ന മേഖലകൾ. അവിടെയാണു നിതാന്തജാഗ്രതയുമായി ആക്രമണായുധങ്ങളുമായി നാം നിലയുറപ്പിക്കേണ്ടത്. നമ്മുടെയും നമ്മുടെ കുടുംബങ്ങളുടെയും സംരക്ഷണം നാം അങ്ങനെ ഉറപ്പു വരുത്തണം.

ഈ മുൻകരുതലുകളെപ്പറ്റി അറിഞ്ഞ ശത്രുക്കൾ അല്പമൊന്ന് ഒതുങ്ങി. എന്നാൽ നെഹമ്യാവ് ജാഗ്രതയും തയ്യാറെടുപ്പും ഒട്ടും കുറച്ചില്ല. കുറച്ചാൽ അത് അപകടകരമാകുമെന്ന് ഈ ദൈവപുരുഷന് അറിയാം. അതെസമയം മതിൽപണി തുടരേണ്ടതുമുണ്ട്. അതുകൊണ്ട് നെഹമ്യാവ് തന്നെ ഒരു മാതൃക കാണിച്ചു. സ്വന്തം ഭൃത്യന്മാരിൽ പകുതിപ്പേരെ വേല ചെയ്യുവാൻ നിർത്തി. പകുതിപ്പേരെ കുന്തം, പരിച, വില്ല്, കവചം എന്നിവ ധരിപ്പിച്ച് യുദ്ധസജ്ജരായും നിർത്തി. കൂടാതെ പണിക്കാർ തന്നെ ഒരു കയ്യിൽ പണിയായുധവും മറ്റെ കയ്യിൽ യുദ്ധായുധവും പിടിച്ചു. അതായത് ഒരു കയ്യിൽ കരണ്ടിയും മറ്റെകയ്യിൽ കുന്തവും. പണിയുന്നവർ അരയ്ക്കു വാൾ കെട്ടിക്കൊണ്ടാണു പണിതത്. പൗലോസ് തിമൊഥെയോസിനെഴുതി, "നിന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക. ഇതിൽ ഉറച്ചുനിൽക്ക. അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും'' (1 തിമൊ 4:16). പിന്നെയും പൗലോസ് എഴുതി, "വചനം പ്രസംഗിക്ക സമയത്തിലും അസമയത്തിലും ഒരുങ്ങി നിൽക്ക" (2 തിമോ 4:2). ആത്മീയ കെട്ടുപണി നടക്കുമ്പോൾതന്നെ അതിനെ ശത്രുക്കളുടെ കയ്യിൽനിന്ന് രക്ഷിക്കുകയും വേണം. അതു വ്യക്തിജീവിതത്തിലും

➔6

# നുഴഞ്ഞുകയറ്റക്കാർ



ഡോ. ഒ.എം. ശാമുവേൽ

ഇൻഡ്യയുടെ അവിഭാജ്യ ഘടകമായ കാഷ്മീരിന്റെ അതിർത്തി പ്രദേശങ്ങളിലുള്ള മലമടക്കുകളിൽ പാകിസ്ഥാനും ഇൻഡ്യയും തമ്മിൽ പൊരിഞ്ഞപോരാട്ടം നടന്നുകൊണ്ടിരിക്കുകയാണല്ലോ? ഈ യുദ്ധത്തിന്റെ അടിസ്ഥാന കാരണം നമുക്കറിയാവുന്നതാണ്. പാകിസ്ഥാനിൽ നിന്നുള്ള നുഴഞ്ഞുകയറ്റക്കാർ ഇൻഡ്യയുടെ അതിർത്തി പ്രദേശങ്ങൾ കയ്യടക്കിയത് തിരിച്ചു പിടിക്കുന്നതിനുള്ള യുദ്ധമാണല്ലോ നടന്നുകൊണ്ടിരിക്കുന്നത്.

ഇൻഡ്യയുടെ അതിർത്തി പ്രദേശത്തെ സംരക്ഷിക്കുന്നതിൽ വന്ന പാളിച്ചയുടെ ഫലമാണ് രാഷ്ട്രം മുഴുവനും അനുഭവിക്കുന്നത്. ഇൻഡ്യയിലെ ഓരോ പൗരനും വളരെ ഗൗരവമായി ചിന്തിക്കേണ്ട ഒരു വിഷയമാണിത്. ഇതിന്റെ പര്യവസാനം എന്താകും? ഒന്നും പ്രവചിക്കുവാൻ നിവർത്തിയില്ല. ഈ നുഴഞ്ഞുകയറ്റത്തിനുമുൻപു തന്നെ കാര്യഗൗരവം മനസ്സിലാക്കി ബന്ധപ്പെട്ടവർ പ്രവർത്തിച്ചിരുന്നെങ്കിൽ ഇങ്ങനെയൊരു വിപത്ത് സംഭവിക്കുമായിരുന്നില്ല എന്നു അഭിപ്രായപ്പെടുന്നവരുണ്ട്.

ഈ നുഴഞ്ഞുകയറ്റക്കാർ ഏകനാഥനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുന്നവരാണ്. യേശുക്രിസ്തുവിന്റെ സർവ്വാധികാരം, കർത്തൃത്വം, രക്ഷണ്യവേല, മശിഹാത്വം എന്നീ ഘടകങ്ങളെയാണ് അവർ തള്ളിക്കളയുന്നത്. ഏകനാഥൻ എന്ന പദപ്രയോഗം യേശുക്രിസ്തുവിന്റെ സർവ്വാധിപത്യത്തെ കാണിക്കുന്നു. എല്ലാവർക്കും നാഥനാണ് കർത്താവ്. സ്രഷ്ടാവാണ്. ആ നിലയിൽ യേശുക്രിസ്തു സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും ലഭിച്ചവനാണ്. അവൻ ഏക നാഥനാണ്. സർവ്വാധിപതിയാണ്. മാത്രവുമല്ല വിശ്വാസികൾക്കെല്ലാം അവൻ കർത്താവാണ്.

യുമായി ബന്ധപ്പെടുത്തി അതിന്റെ അന്തസത്ത തന്നെ ഇല്ലാതാക്കിയിരിക്കുന്നു. തങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഈ ദൈവകൃപയെ ഒരു ലൈസൻസാക്കി അവർ അധപ്പതിപ്പിക്കുകയാണു ചെയ്യുന്നത്. "ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിക്കുന്നതിന് നമ്മെ ശിക്ഷിച്ചു വളർത്തുന്ന ഘടകമാണ് ദൈവകൃപ. അന്ത്യകാലത്തു സഭകളിൽ കടന്നു വരുന്ന വിശ്വാസത്യാഗികളായ മുഖംമൂടി ധരിച്ച കപടവേഷക്കാരായ വിശ്വാസികളാണ് ദൈവകൃപയെ അവഗണിച്ചു തങ്ങൾക്കു ബോധിച്ചതുപോലെയുള്ള ഉപദേശങ്ങളുമായി സഭകളിലേക്കു നുഴഞ്ഞുകയറുന്നവർ. ദൈവവചനത്തിലെ സത്യങ്ങളെ ഇവർ അവഗണിക്കുന്നവരാണ്.



ഇതുപോലെ ആത്മീയ ഗോളത്തിലും നുഴഞ്ഞുകയറ്റക്കാരുണ്ട്. ഇങ്ങനെയുള്ള നുഴഞ്ഞുകയറ്റക്കാർ സഭയ്ക്കും ആത്മീയഗോളത്തിനും ഭീഷണിയാണ്. ഈ നുഴഞ്ഞുകയറ്റക്കാർ ആരാണെന്നും അവരുടെ പ്രവർത്തനശൈലി എന്താണെന്നും യൂദയുടെ ലേഖനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. "നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്ക്കാമവൃത്തിക്ക് ഹേതുവാക്കി ഏകനാഥനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുന്ന അഭക്തരായ ചില മനുഷ്യർ നുഴഞ്ഞുവന്നിരിക്കുന്നു" (യൂദാ 4).

ഈ നുഴഞ്ഞുകയറ്റക്കാരെ എങ്ങനെ തിരിച്ചറിയാം? അവരുടെ മൂന്നു പ്രത്യേകതകൾ എടുത്തു പറയുന്നു. നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്ക്കാമവൃത്തിക്ക് ഹേതുവാക്കുന്നവരാണ് അവർ. ദൈവകൃപയുടെ ശ്രേഷ്ഠതയും മഹത്വവും ദൈവജനങ്ങൾക്കു നല്ലതുപോലെ അറിയാം. അനർഹരായ വ്യക്തികളോടുള്ള ദൈവത്തിന്റെ അനുഭാവപൂർവ്വമായ പ്രവർത്തന ശൈലിയാണല്ലോ ദൈവകൃപയെന്നു പറയുന്നത്. കൃപയാലാണല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്. ഈ അനുഗ്രഹീതമായ രക്ഷയ്ക്ക് നമുക്ക് എന്നർഹതയാണുണ്ടായിരുന്നത്? നാം ഇതിന് അനർഹരായിരുന്നു. സമ്പന്നനായ കർത്താവായ യേശുക്രിസ്തു അവന്റെ ദാരിദ്രത്താൽ നാം സമ്പന്നരാകേണ്ടതിന് ദരിദ്രനായിതീർന്ന കൃപ നിങ്ങൾ ഓർക്കുന്നുവല്ലോ ( 2 കൊരി 8:9). എന്നാൽ ഈ പാവനമായ ഉപദേശത്തെ തങ്ങളുടെ ഇഷ്ടപ്രകാരമുള്ള പ്രവർത്തനശൈലി

ഈ നുഴഞ്ഞുകയറ്റക്കാർ ഏകനാഥനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുന്നവരാണ്. യേശുക്രിസ്തുവിന്റെ സർവ്വാധികാരം, കർത്തൃത്വം, രക്ഷണ്യവേല, മശിഹാത്വം എന്നീ ഘടകങ്ങളെയാണ് അവർ തള്ളിക്കളയുന്നത്. ഏകനാഥൻ എന്ന പദപ്രയോഗം യേശുക്രിസ്തുവിന്റെ സർവ്വാധിപത്യത്തെ കാണിക്കുന്നു. എല്ലാവർക്കും നാഥനാണ് കർത്താവ്. സ്രഷ്ടാവാണ്. ആ നിലയിൽ യേശുക്രിസ്തു സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും ലഭിച്ചവനാണ്. അവൻ ഏക നാഥനാണ്. സർവ്വാധിപതിയാണ്. മാത്രവുമല്ല വിശ്വാസികൾക്കെല്ലാം അവൻ കർത്താവാണ്. നാം അവനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറഞ്ഞവരെല്ലേ? അവന്റെ കർത്തൃത്വം നമ്മുടെ ജീവിതത്തിന്റെ എല്ലാ ഘടകങ്ങളിലും നാം അംഗീകരിച്ചുകഴിഞ്ഞവരാണ്. അടുത്തതായി അവൻ യേശുവാണ്. അർത്ഥാൽ ജനത്തെ തങ്ങളുടെ പാപങ്ങളിൽ നിന്നും രക്ഷിച്ച രക്ഷിക്കുന്ന യേശു രക്ഷിതാവാണ്. അവനു മാത്രമേ പാപങ്ങൾക്കു പരിഹാരം വരുത്തി നമ്മെ രക്ഷിതഗണമാക്കിതീർക്കുവാൻ സാധിക്കു. ഒടുവിലായി അവൻ ക്രിസ്തുവാണ്. അഭിഷിക്തനാണ്. അവൻ യിസ്രായേലിന്റെ മശീഹായാണ്. ഇങ്ങനെയുള്ള

➔6

## വഴിക്കാഴ്ചകൾ

സി.റ്റി. ജോണിക്കുട്ടി




# തെറ്റിപ്പോയ വഴികൾ....

## നെറൂളിൽ നിന്നും പൂനയിലേക്ക്....

2002 ൽ ആണെന്നാണ് നേരിയ ഓർമ്മ. വർഷത്തിന്റെ കാര്യത്തിലേ സംശയമുള്ളു. സംഭവം ഇന്നും വെളുത്ത ക്യാൻവാസിലെ ചിത്രം പോലെ കൂടെയുണ്ട്. ഒരു വഴി തെറ്റലിന്റെ അനുഭവം. ഓർക്കുമ്പോഴെല്ലാം ശരീരം തളരുന്നതുപോലെ. ആരോടും ഈ കഥ പറഞ്ഞിട്ടില്ല. കേൾവിക്കാരനും ആവേശം പകരുകില്ല. ചിലപ്പോൾ രക്തം തണുത്തുറഞ്ഞു പോയെന്നുംവരാം.

മുംബൈയിൽ ഒരു ആത്മീക മഹാസംഗമം. ക്ഷണമുണ്ടായി. നാട്ടിലെ ഒരു പ്രസ്ഥാനം ശാഖയ്ക്ക് വാനം തോണ്ടുകയും അടിസ്ഥാനശില പാകുകയും ചെയ്യുകയാണ്. തുടക്കം ഗംഭീരമാക്കേണ്ടതില്ലേ? ഒരു വിദേശി. നന്നായി വെളുത്തയാൾ. നല്ല നീളം. ഒത്തശരീരം. ഇരുപത്തിയാറ് അക്ഷരളെ കൂട്ടിപ്പിടിച്ച് യേശുവിലെ നേതാവിനെ ഇന്ത്യയിലെ പ്രവർത്തകർക്ക് പരിചയപ്പെടുത്താൻ വരുന്നു.

വെളുത്ത ക്യാൻവാസിലെ ചിത്രം പോലെ കൂടെയുണ്ട്. ഒരു വഴി തെറ്റലിന്റെ അനുഭവം. ഓർക്കുമ്പോഴെല്ലാം ശരീരം തളരുന്നതുപോലെ. ആരോടും ഈ കഥ പറഞ്ഞിട്ടില്ല. കേൾവിക്കാരനും ആവേശം പകരുകില്ല. ചിലപ്പോൾ രക്തം തണുത്തുറഞ്ഞു പോയെന്നുംവരാം.

സംഘാടകൻ ആകാശപ്പറവയിലാണ് ടിക്കറ്റ് അനുവദിച്ചത്. വിലയും നിലയും ശുശ്രൂഷാമികവും സമയ ദൗർലഭ്യവും കൊണ്ടല്ല അതിന് മുതിർന്നത്. കൂടെയുള്ളത് സംഘടനയുടെ മുഖ്യധാരയിലെ ഒഴിവാക്കാനാവാത്തയാൾ. ആരോഗ്യം ട്രെയിൻ യാത്രക്കും അനുവദിക്കുന്നില്ല. "എന്നാപ്പിന്നെ നിങ്ങൾ രണ്ടുപേരും കൂടെ ഫ്ളൈറ്റിന് പോര്"

ഇത്രയും വേണോ എന്ന് മനസ്സ് ഒട്ടേറെ തവണ ചോദിച്ചു. 15 വർഷം പിറകിൽ അങ്ങനെയേ ചിന്തിക്കാനാവുമായിരുന്നുള്ളു. ഇന്നാകട്ടെ പ്രേഷിതരിൽ നല്ല പങ്കും ഏതെങ്കിലും നിലയിൽ ഒരു വിമാന ടിക്കറ്റ് ലഭിക്കുമോ എന്ന് തീവ്രശ്രമം നടത്തും. സംഘാടകർ തന്നില്ലെങ്കിൽ സ്വന്തം എ.റ്റി.എം. കാർഡ് ഉപയോഗിക്കും.

ഇന്നു സമയമില്ല. സത്യവുമാണ്. മുംബൈ യാത്രക്കും വേണം ഒന്നരയും രണ്ടും ദിവസം. ഫാസ്റ്റ് ഫുഡിന്റെ കാലത്ത് ആർക്കാണ് താങ്ങാനാവുക? എല്ലാം ഇൻസ്റ്റന്റ് ആയിരിക്കണം. ഇന്നു ക്ഷമയുടെ കാര്യം പറയണ്ട. കുഞ്ഞിനും വൃദ്ധനും ഒരുപോലെ ശാഠ്യങ്ങളും നിർബന്ധബുദ്ധിയും. പൊറുതിമുട്ടിയ കാലം.

പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. നാലുനാളിന്റെ ഒത്തുചേരലാണ്. അഞ്ഞൂറോളം ശുശ്രൂഷകർ. വചനപ്രഘോഷണങ്ങൾ, ചർച്ചകൾ, ഗാനസന്ധ്യകൾ, കുശലാന്വേഷണങ്ങൾ, നേരമ്പോക്കുകൾ, പരിചയപ്പെടലുകൾ, ഭക്ഷണം-താമസ ക്രമീകരണങ്ങൾ ഇവയിലെ വിമർശനങ്ങൾ, മടങ്ങുമ്പോൾ ലഭിക്കാൻ സാധ്യതയുള്ള കവറിന്റെ ഘനം, സ്റ്റേജിൽ ഒരു ചെറിയ അവസരമെങ്കിലും ലഭിക്കാനുള്ള തന്ത്രപരമായ നീക്കങ്ങൾ. ഇവയെല്ലാം ചേർന്ന് കാര്യപരിപാടികൾ നദി പോലെ ഒഴുകുന്നു. ആദ്യമഴയിലെ നദിയെ ഓർമ്മപ്പെടുത്തുന്ന കാഴ്ചകൾ.....

ഉച്ചഭക്ഷണം കഴിഞ്ഞാണ് അല്പസമയം ലഭിച്ചത്. നാളെ നാട്ടിലേക്ക് മടങ്ങുകയും വേണം. സഹോദര വർഗ്ഗത്തിൽ പലരും അവിടെ എത്തിയ കാര്യം അറിഞ്ഞിട്ടില്ല. ഒരു രഹസ്യ, ഹ്രസ്വപരിപാടി മാത്രം. ഇവിടെ എത്തിയിട്ട് ഒരു വാക്ക് പറഞ്ഞില്ലല്ലോ , ഇതിലെ വന്നില്ലല്ലോ, ഒന്നു വിളിച്ചില്ലല്ലോ എന്നു പറയാൻ കർത്താവ് ഒത്തിരിപ്പേരെ ഈ വ്യവസായ നഗരത്തിൽ ഒരുക്കിയിട്ടുണ്ട്. മലയാളികളും വേർപാട് പാതയിൽ സഞ്ചരിക്കുന്നവരും. 1998 ൽ രണ്ടു മാസം സഭകളിലൂടെ ഒരു ഓട്ടപ്രദിക്ഷണം വച്ചതാണ്. ഡയറിയിൽ ഒത്തിരി പേരുകളും ഫോൺ നമ്പരുകളും ഉണ്ട്. മനസ്സിൽ അതിലേറെ കടപ്പാടുകളും. ആ പുസ്തകങ്ങൾ ഒന്നും തുറക്കാൻ കഴിഞ്ഞില്ല. മടങ്ങുകയാണ്.




നെറൂലിന് 8 കിലോമീറ്റർ മാത്രം അകലെയെത്തിയിട്ട് പ്രകാശിനെയും മേഴ്സിയേയും കാണാതെ പോയാലോ? ഗ്ലാഡി ഏറെ പ്രിയപ്പെട്ട കുഞ്ഞാണ്. 15 വർഷത്തിനുശേഷം ഇപ്പോൾ ഒരു അനുജനും അവനൊപ്പം നടക്കാനുണ്ട്. വഴിയും ഇടവഴിയും വീട്ടുനമ്പരും ഗേറ്റും വീടിന് അടിച്ച പെയിന്റ് നിറവും പറഞ്ഞു തന്നു. കവലകളും സിഗ്നലുകളും ഇടതും വലതും

പരദേശി മോക്ഷയാത്രയിലെ ക്രിസ്ത്യാനിയുടെ അനുഭവം പോലെ. വിറയൽ വർദ്ധിച്ചു. ഇരുൾ ഹൈവേയിലേക്കു താഴ്ന്നിറങ്ങി. പാർക്കിംങ്ങ് ലൈറ്റിൽ നിന്നും ഹെഡ് ലൈറ്റിലേക്ക്. ഇനി എന്തു ചെയ്യും? എപ്പോൾ മീറ്റിംഗ് ലോക്കേഷനിൽ എത്തും? വാഹനത്തിൽ എത്ര പെട്രോളുണ്ട്? ടയർ പഞ്ചറായാൽ? പോക്കറ്റിന്റെ ഘനം തീരെ കുറവ്? അങ്ങു ദൂരെ ഏതോ ഒരു ദേവാലയത്തിൽ മരണമണി മുഴങ്ങുന്നതുപോലെ. അതു തോന്നലായി മാത്രം മാറട്ടെ എന്ന് ആത്മഗതം.

തിരിയേണ്ടയിടവും നേരെ ഓടേണ്ട കിലോമീറ്ററും.

കാറ്റ് മന്ദമായി വീശി. മാരുതി വാനിന്റെ താക്കോലും ലഭിച്ചു. മാറാനാഥാ എന്ന ഒന്നാം നൂറ്റാണ്ടിലെ വിശ്വാസസമൂഹത്തിന്റെ ഉയരെപ്പാറിയ കൊടിയായിരുന്നു കയ്യിൽ കരുതിയത്. കൂട്ടു വിശ്വാസിയെ കാണാനുള്ള അടക്കാനാവാത്ത ആഗ്രഹം ആത്മവേദന. ദർശനത്തിൽ കൈവരുന്ന ആത്മസന്തോഷം. പൗലോസിന്റെ എഴുത്തുകളിൽ തീത്തോസിനെ കാണാഞ്ഞിട്ട് ഉണ്ടായ വിഷമം പോലെ ഒന്ന്.

കാര്യങ്ങൾ ഭംഗിയായി. സാഹോദര്യത്തിനും കൂട്ടായ്മക്കും നെയ്തുകൂട്ടിയ ഇഴകൾ എക്കാലവും ശക്തിയുള്ളവ തന്നെ. പരിശുദ്ധാരൂപിയിലൂടെ പകർന്നുതന്ന ബന്ധമല്ലേ? മരണത്തിന് ദാമ്പത്യത്തെ വെട്ടിമുറിക്കാനാവും. യേശുവഴി കൈവന്ന കൂട്ടായ്മാബന്ധം. അതിന്റെ ആയുസ്സ് മരണത്തിനും അപ്പുറത്തേക്ക് കൈപിടിച്ചു കൊണ്ടുപോകും. ബന്ധങ്ങളെല്ലാം നിസ്വാർത്ഥമായിരുന്നാൽ മതി. അവയെല്ലാം നിലനിൽക്കും.

മടങ്ങാൻ സമയമായി. വൈകുന്നേരത്തെ മഹാസമ്മേളനം നിയന്ത്രിക്കണം. ചെറിയ ഒരു ജോലിയല്ല എന്ന് ചിലർ. അതും ഒരു ശുശ്രൂഷമാത്രമെന്ന് മനസ്സ്. അഞ്ഞൂറുപേരുടെ ഒരു മിനിറ്റും ലാഘവമായി കരുതാൻ പാടില്ല. പലതിനും വിലയില്ല. സമയത്തിന്റെ കാര്യം അങ്ങനെയല്ല. സിഗ്നലുകൾ ഓരോന്നും അനുസരിച്ചുകൊണ്ടിരുന്നു. ഇടതും വലതും തിരഞ്ഞുകൊണ്ടിരുന്നു. അതിശക്തമായി കോരിച്ചൊരിയുന്ന മഴ. ഇടവപ്പാതിയെ തോൽപ്പിക്കും. നോഹയുടെ കാലത്ത് ഭൂമിയിൽ പതിച്ച നീർചാട്ടം പോലെ ഒന്ന്. ഇതെന്തിനുള്ള പുറപ്പാടാണ്? കർമ്മേലിന്റെ മുകളിൽ നിന്ന് ആഹാബും ഏലിയാവും മഴയ്ക്കു മുമ്പെ ഓടി. എവിടേക്ക് ഓടണമെന്നും എങ്ങോട്ട് വാഹനം ഓടിക്കണമെന്നും തിട്ടമില്ല. ഗ്ലാസ് നിറയെ കട്ടിപിടിച്ചു കിടക്കുന്നഫോഗ്. ബലഹീനനായ വൈപ്പർ.

ദിശ അറിയാതെയും വഴി അറിയാതെയും വാൻ മുന്നോട്ടുതന്നെ ഓടിക്കൊണ്ടിരുന്നു. തികച്ചും അപ്രതീക്ഷിതമായി ചെന്നു കയറിയത് മുംബൈ പൂന ഹൈവേയിൽ. ഇടത്തോട്ടുതിരിക്കേണ്ടി വന്ന വാഹനം പൂന ലക്ഷ്യമാക്കി ഓട്ടം ആരംഭിച്ചു.

നെറൂലിന് പോരുമ്പോൾ ഇങ്ങനെ ഒരു വിശാലവഴിയിൽ കയറിയില്ലല്ലോ. മനസ് പറഞ്ഞു. എന്തു ചെയ്യും? ഹൈവേയിൽ വലത്തെ അറ്റത്തുള്ള ട്രാക്കിലേക്ക് എത്തി. പിറകിൽ ചീറിപ്പാഞ്ഞുവരുന്ന അതിവേഗ വാഹനങ്ങൾ. യൂട്രേൺ കാണുമെന്ന പ്രതീക്ഷ കിലോമീറ്ററുകൾ കഴിഞ്ഞപ്പോൾ മങ്ങി. വാഹനം ഇടതുവശത്തേക്ക്. ഏതെങ്കിലും ഒരു ബസ്സ് കാത്തിരിപ്പുകേന്ദ്രം കണ്ടെങ്കിൽ?

മലയാളം മാത്രം കയ്യിൽ പിടിച്ചും ചെന്നെത്തേണ്ട ഇടത്തെ വിലാസം ഇംഗ്ലീഷിലും. കോരിച്ചൊരിയുന്ന മഴയിലും ശരീരമാസകലം വിയർത്തും തളർന്നുംപോയ ഒരു മലയാളി ഡ്രൈവർ. വഴി തെറ്റിയതിന്റെ എല്ലാ കുറ്റബോധവും അന്യനാട്ടിലെ അപ്രതീക്ഷിത അനുഭവത്തിലുണ്ടായ അമ്പരപ്പും. സമയത്ത് മീറ്റിംഗ് സ്ഥലത്ത് എത്തി ശുശ്രൂഷ നിർവ്വഹിക്കുന്നതിൽ വരാവു ന്ന വീഴ്ചയും മനസ്സിൽ. വാഹനവുമായി എവിടെയോ പോയി മറഞ്ഞ സംഘാടകസമിതി അംഗത്തെക്കുറിച്ചുള്ള ആശങ്കനേതൃനിരക്ക് എല്ലാം കൂടി ചേർന്നപ്പോൾ സ്റ്റീയറിംഗിൽ നിന്നും കൈ താഴെ വീഴുന്നതുപോലെ.

വിലാസം കണ്ടുപിടിക്കാൻ, മടങ്ങി ശരിയായ വഴിയിലെത്താൻ സമീപിച്ച പലരും കൈ മലർത്തി.

പരദേശി മോക്ഷയാത്രയിലെ ക്രിസ്ത്യാനിയുടെ അനുഭവം പോലെ. വിറയൽ വർദ്ധിച്ചു. ഇരുൾ ഹൈവേയിലേക്കു താഴ്ന്നിറങ്ങി. പാർക്കിംങ്ങ് ലൈറ്റിൽ നിന്നും ഹെഡ് ലൈറ്റിലേക്ക്. ഇനി എന്തു ചെയ്യും? എപ്പോൾ മീറ്റിംഗ് ലോക്കേഷനിൽ എത്തും? വാഹനത്തിൽ എത്ര പെട്രോളുണ്ട്? ടയർ പഞ്ചറായാൽ? പോക്കറ്റിന്റെ ഘനം തീരെ കുറവ്? അങ്ങു ദൂരെ ഏതോ ഒരു ദേവാലയത്തിൽ മരണമണി മുഴങ്ങുന്നതുപോലെ. അതു തോന്നലായി മാത്രം മാറട്ടെ എന്ന് ആത്മഗതം.

മറുവശത്തെത്തിവേണം യാത്ര തുടരാനെന്ന് ദിശാബോർഡ്. എങ്ങനെ മറുവശത്ത് എത്തും? പൂനയിലേക്ക് വാഹനം അപ്പോഴും യാത്രയിലാണ്. ഇടത്തെ അറ്റത്തൂടെ മറുവശത്ത് എത്താമെന്നായി. ഫ്ളൈ ഓവറിനു കീഴിലൂടെ മറുവശത്ത് റോഡിൽ. സ്പീഡ് വർദ്ധിച്ചു. മഴ തോരുന്നില്ല. ഫോഗിനും ശമനമില്ല. ഗ്ലാസ് തുറക്കാൻ കഴിയില്ല. എ.സി. ഇല്ല. വഴി തെറ്റാനുള്ള എല്ലാ സാഹചര്യവും അനുകൂലം. ജി.പി.എസ് സിസ്റ്റം ഭാരതത്തിൽ കാലും കുത്തിയിട്ടില്ല. മൊബൈൽ ഫോണും നിലവിലില്ല.

യോഗമൈതാനിയിൽ എത്തുമ്പോൾ ചുറ്റുപാടും ഇരുട്ട് കനത്തിരുന്നു. കാത്തിരിക്കുന്ന ചിലരെ കണ്ടു. നൂറു ചോദ്യങ്ങൾ. മറുപടി ഒന്നിനും പറഞ്ഞില്ല. നേരെ സ്റ്റേജിലേക്ക്. 'പ്രാർത്ഥിച്ച് ഇന്നത്തെ യോഗം നാം ആരംഭിക്കുയാണ്; നമുക്ക് പ്രാർത്ഥിക്കാം'. ഹൃദയമിടിപ്പിന് മാത്രം ഒരു ശാന്തതയും വന്നില്ല. തെറ്റിപ്പോയ വഴി രാത്രിയെ പകലാക്കി. ഉറക്കം മറ്റെവിടെയോ പോയി വിശ്രമിച്ചു.

ആത്മീയയാത്രയിലും ഒത്തിരി തവണ വഴി തെറ്റിയിട്ടുണ്ട്. മിക്കപ്പോഴും വാക്കും നാക്കും അനുസരണയിൽ നിന്നിട്ടില്ല. കാൽ ഉറച്ച പാതയിലൂടെ മാത്രമായിരുന്നില്ല. കണ്ണിന് ഏർപ്പെടുത്തിയ കാവൽക്കാരൻ ജോലി അവസാനിപ്പിച്ച് പോയിട്ടുണ്ട്. മനസ് പറഞ്ഞവഴികളിൽ പലതും യജമാനൻ ഇഷ്ടപ്പെടുന്നവയായിരുന്നില്ല. ചിന്തകളെ കെട്ടിയിട്ടിരുന്ന വടം പൊട്ടി

താഴെ വീണിട്ടുണ്ട്.

മടങ്ങണമെന്ന് ആത്മാവ് ചെവിയിൽ പറഞ്ഞുകൊണ്ടിരുന്നു. ഓരോ തെറ്റിലുംവഴി ഇതാണ് എന്ന് പിറകിൽ നിന്നുള്ള ശബ്ദം കേട്ടിട്ടുണ്ട്. പന്നിക്കൂട്ടിൽനിന്നും കരയ്ക്കു

മറുവശത്തെത്തിവേണം യാത്ര തുടരാനെന്ന് ദിശാബോർഡ്. എങ്ങനെ മറുവശത്ത് എത്തും? പൂനയിലേക്ക് വാഹനം അപ്പോഴും യാത്രയിലാണ്. ഇടത്തെ അറ്റത്തൂടെ മറുവശത്ത് എത്താമെന്നായി. ഫ്ളൈ ഓവറിനു കീഴിലൂടെ മറുവശത്ത് റോഡിൽ. സ്പീഡ് വർദ്ധിച്ചു. മഴ തോരുന്നില്ല. ഫോഗിനും ശമനമില്ല. ഗ്ല ാസ് തുറക്കാൻ കഴിയില്ല. എ.സി. ഇല്ല. വഴി തെറ്റാനുള്ള എല്ലാ സാഹചര്യവും അനുകൂലം. ജി.പി.എസ് സിസ്റ്റം ഭാരതത്തിൽ കാലും കുത്തിയിട്ടില്ല. മൊബൈൽ ഫോണും നിലവിലില്ല.

കയറി ശരി വഴിയിലൂടെ പിതാവിന്റെ ഭവനത്തിലേക്ക് വന്ന മകനെ മനസിൽ ധ്യാനിച്ചിട്ടുണ്ട്. അപ്പന്റെ ആലിംഗനത്തോളം വരില്ല ഒന്നും. ആ സ്നേഹചുംബനത്തിന്റെ ചൂടില്ല മറ്റൊന്നിനും. കാത്തിരിപ്പ് വൃഥാവായില്ല എന്ന് പിതാവ്. സമയം വൈകിപ്പോയല്ലോ എന്ന് മകൻ.

തടിപ്പിച്ച കാളക്കുട്ടിയും വിരുന്നും വാദ്യഘോഷങ്ങളും അയൽക്കാരും സ്നേഹിതരും എല്ലാം ചേർന്ന ഒരു ഉത്സവപറമ്പ്. അതാണ് ശരിവഴികളിലെ ആനന്ദം. മടങ്ങിവരവിൽ ലഭിക്കുന്ന ആശ്വാസം. വഴി തെറ്റൽ സങ്കടങ്ങളുടെ കഥയേ ഒടുവിൽ പറയൂ. ആത്മാവിന്റെ, മനസിന്റെ, തൃപ്തി തന്നെ ആവട്ടെ ഓരോ ചുവടിലും, അതാണ് തമ്പുരാന്റെ ഇഷ്ടം. ●



# പരിശുദ്ധാത്മാവ് കർത്താവായ യേശുവിന്റെ ജീവിതത്തിൽ

യേശുക്രിസ്തുവിന്റെ ജീവിതത്തിലും ശുശ്രൂഷയിലും പഠിപ്പിക്കലുകളിലും പരിശുദ്ധാത്മാവിനുണ്ടായിരുന്ന സ്ഥാനം എപ്രകാരമായിരുന്നുവെന്ന് പരിശോധിക്കാം. അതിന് മുൻപായി യേശുവിന് വഴി ഒരുക്കുവാനും അവനെ ലോകത്തിന് പരിചയപ്പെടുത്തുവാനുമായി വന്ന സ്നാപക യോഹന്നാൻ യേശുവിനെ പരിചയപ്പെടുത്തിയ ഒരു പ്രത്യേക വിശേഷണം ശ്രദ്ധിക്കാം. പരിശുദ്ധാത്മാവിനാൽ സ്നാനം കഴിപ്പിക്കുന്നവൻ എന്നാണ് യേശുവിനെ സംബന്ധിച്ച് അവൻ പറഞ്ഞത്.

“ഞാൻ നിങ്ങളെ മാനസാന്തരത്തിനായി വെള്ളത്തിൽ സ്നാനം ഏൽപ്പിക്കുന്നതേയുള്ളു; എന്റെ പിന്നാലെ വരുന്നവനോ എന്നേക്കാൾ ബലവാൻ ആകുന്നു; അവന്റെ ചെരിപ്പ് ചുമപ്പാൻ ഞാൻ മതിയായവനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവിലും തീയിലും സ്നാനം ഏൽപിക്കും.” (മത്തായി3:11).

യേശുവിനും അവന് മുൻപായി വന്ന പ്രവാചകന്മാർക്കും തമ്മിലുള്ള പ്രധാനവ്യത്യാസം ശ്രദ്ധിക്കുക. “അവൻ പരിശുദ്ധാത്മാവിലും തീയിലും സ്നാനം കഴിപ്പിക്കും.” നാല് സുവിശേഷങ്ങളിലും പരിശുദ്ധാത്മാവിനാൽ സ്നാനം കഴിപ്പിക്കുന്ന സമയം പരിശുദ്ധാത്മാവ് അവന്റെ മേൽ ഇറങ്ങി വന്നു. അതിനുശേഷമല്ലാതെ യേശു പ്രസംഗിക്കുകയോ അത്ഭുതങ്ങൾ പ്രവർത്തിക്കുകയോ ചെയ്തിരുന്നില്ല. പരിശുദ്ധാത്മാവ് അവന്റെ മേൽ ഇറങ്ങുന്നതായി അവൻ കാത്തിരുന്നു.

അ.പ്ര 10:8 ൽ കൊർന്നല്യോസിന്റെ വീട്ടിൽ കൂടിവന്ന ആളുകളോട് സംസാരിക്കുമ്പോൾ പത്രോസ് യേശുവിന്റെ ശുശ്രൂഷയെ സംബന്ധിച്ച് ഇപ്രകാരംപറയുന്നു.

“നസറായനായ യേശുവിനെ ദൈവം പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തതും ദൈവം അവനോടു കൂടെ ഇരുന്നതുകൊണ്ട് അവൻ നന്മ ചെയ്തും പിശാച് ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയും കൊണ്ട് സഞ്ചരിച്ചതുമായ വിവരംതന്നേ നിങ്ങൾ അറിയുന്നവല്ലോ”. (അ.പ്ര. 10:38).

യേശുവിന്റെ ഈ ഭൂമിയിലെ ശുശ്രൂഷയുടെ ശക്തി പരിശുദ്ധാത്മാവായിരുന്നു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവരടങ്ങിയ ത്രിയേകനാണ് ദൈവമെന്ന് ഇതിനകം പ്രസ്താവിച്ചതാണല്ലോ. ഈ ഒരൊറ്റ വാക്യത്തിൽ ഈ മൂന്ന് വ്യക്തിത്വങ്ങളും തിരിച്ചറിയത്തക്കവിധം പരാമർശിക്കപ്പെട്ടിരിക്കുന്നു. പിതാവായ ദൈവം യേശു എന്ന ദൈവപുത്രനെ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യുന്നു. ദൈവത്വത്തിന്റെ സമഗ്രമായ ഈ പ്രവർത്തിയുടെ ഫലം മനുഷ്യവർഗ്ഗത്തിന്റെ സൗഖ്യം ആയിരുന്നു. ‘അവൻ നന്മ ചെയ്തുകൊണ്ട് സഞ്ചരിക്കുകയും പിശാചിന്റെ പിടിയിലായിരുന്നവരെ സൗഖ്യമാക്കുകയും ചെയ്തു.’ ഇതാണ് യേശുവിന്റെ ശുശ്രൂഷയുടെ രഹസ്യവും അതിന്റെ ഉറവിടവും.

പുനരുത്ഥാനത്തിന് ശേഷവും യേശു പരിശുദ്ധാത്മാവിൽ ആശ്രയിച്ചിരുന്നു. ഇത് വളരെ ശ്രദ്ധേയമായ ഒരു സത്യമാണ്. അ.പ്ര.1:1-ാം വാക്യത്തിൽ ലൂക്കോസ് നൽകുന്ന മുഖവുര ശ്രദ്ധിക്കുക.

“തെയോഫിലോസേ, ഞാൻ എഴുതിയ ഒന്നാമത്തെ ചരിത്രം യേശു തെരഞ്ഞെടുത്ത അപ്പോസ്തലന്മാർക്ക് പരിശുദ്ധാത്മാവിനാൽ കൽപന കൊടുത്തിട്ട് ആരോഹണം ചെയ്ത നാൾവരെ അവൻ ചെയ്തും ഉപദേശിച്ചും തുടങ്ങിയ സകലത്തെയും കുറിച്ചായിരുന്നുവല്ലോ”.

യേശുവിന്റെ പുനരുത്ഥാനത്തിനും സ്വർഗ്ഗാരോഹണത്തിനും ഇടയിലുള്ള 40 ദിവസത്തെ ശുശ്രൂഷയെ സംബന്ധിച്ചാണ് ലൂക്കോസ് പറയുന്നത്. യേശു അപ്പോസ്തലന്മാർക്ക് പരിശുദ്ധാത്മാവിനാൽ കൽപന കൊടുത്തു എന്നിവിടെ രേഖപ്പെടുത്തിയിരിക്കുന്നു. പരിശുദ്ധാത്മാവിലുള്ള സമ്പൂർണ്ണ ആശയത്തിന്റെ മാതൃകയാണ് യേശുവിൽ നാം ഇവിടെ കാണുന്നത്. തന്റെ ഉപദേശങ്ങൾക്കും അത്ഭുതപ്രവർത്തികൾക്കും വേണ്ടി അവൻ പൂർണ്ണമായും പരിശുദ്ധാത്മാവിൽ ആശ്രയിച്ചു. പരിശുദ്ധാത്മാവിനെ കൂടാതെ അവൻ ഒന്നും തന്നെ ചെയ്തില്ല. യേശുവിന്റെ ശുശ്രൂഷ നമുക്ക് മുൻപിൽ ഉയർത്തുന്ന വെല്ലുവിളി അവനെ പോലെ തന്നെ നാമും പരിശുദ്ധാത്മാവിൽ ആശ്രയിക്കണമെന്നതാണ്.

> യേശുവിനും അവന് മുൻപായി വന്ന പ്രവാചകന്മാർക്കും തമ്മിലുള്ള പ്രധാനവ്യത്യാസം ശ്രദ്ധിക്കുക. “അവൻ പരിശുദ്ധാത്മാവിലും തീയിലും സ്നാനം കഴിപ്പിക്കും.” നാല് സുവിശേഷങ്ങളിലും പരിശുദ്ധാത്മാവിനാൽ സ്നാനം കഴിപ്പിക്കുന്ന സമയം പരിശുദ്ധാത്മാവ് അവന്റെ മേൽ ഇറങ്ങി വന്നു. അതിനുശേഷമല്ലാതെ യേശു പ്രസംഗിക്കുകയോ അത്ഭുതങ്ങൾ പ്രവർത്തിക്കുകയോ ചെയ്തിരുന്നില്ല. പരിശുദ്ധാത്മാവ് അവന്റെ മേൽ ഇറങ്ങുന്നതായി അവൻ കാത്തിരുന്നു.

യേശു തന്റെ ശുശ്രൂഷാകാലത്ത് പരിശുദ്ധാത്മശക്തിയിൽ ആശ്രയിച്ചു മുൻപോട്ട് പോകുക മാത്രമല്ല, തന്നെ ഉത്തേജിപ്പിക്കുകയും ശാക്തീകരിക്കുകയും ചെയ്ത അതേ പരിശുദ്ധാത്മാവിനെ തന്റെ ശിഷ്യഗണങ്ങൾ പ്രാപിക്കുകയും ചെയ്യണമെന്ന് യേശു ആഗ്രഹിച്ചു. യോഹ.7:37-39 വരെയുള്ള വാക്യങ്ങളിൽ നാം ഇപ്രകാരം വായിക്കുന്നു.

“ഉത്സവത്തിന്റെ മഹാ ദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട്: ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്ത് പറയും പോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് വിളിച്ചു പറഞ്ഞു. അവൻ ഇത് തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിക്കുവാനിരിക്കുന്ന ആത്മാവിനെക്കുറിച്ചാകുന്നു പറഞ്ഞത്’ (യോഹ. 7:37-39).’

വളരെ നാടകീയമായ ഒരു വൈരുദ്ധ്യമാണ് ഇവിടെ നാം കാണുന്നത്. ദാഹിക്കുന്ന ഒരു മനുഷ്യനെയാണ് കർത്താവ് നമുക്ക് മുൻപിൽ ആദ്യം അവതരിപ്പിക്കുന്നത്. “ദാഹിക്കുന്നവർ എല്ലാം” എന്നാണല്ലോ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പരിശുദ്ധാത്മാവിന്റെ അധിവാസം മൂലവും നിറവു മൂലവും, മുൻപ് പറഞ്ഞ അതേ മനുഷ്യൻ സ്വയം പര്യാപ്തതയുള്ളവനായി മാറുന്നതിന് പുറമേ ജീവനുള്ള ജലത്തിന്റെ ഒരു വ്യാപന മുഖാന്തരമായി തീരുകയും ചെയ്യുന്നു. അവൻ ഇന്ന് ഏതെങ്കിലും ആവശ്യഭാര്തിലിരിക്കുന്നവനല്ല. പരിശുദ്ധാത്മ സംവേദനത്തിന്റെ ഉറവയാണ്. അതേ, എല്ലാ വിശ്വാസികൾക്കും പരിശുദ്ധാത്മാവ് അനന്തമായ ഒരു ഉറവയാണ്.

സുവിശേഷ രചയിതാവ് മറ്റൊരു പ്രധാന വസ്തുത കൂടി ഇവിടെ വ്യക്തമാക്കുന്നു. യേശുവിന്റെ പരസ്യ ശുശ്രൂഷാ കാലത്താണ് ഇത് നൽകപ്പെട്ടിരുന്നതെങ്കിലും യേശു തേജസ്ക്കരിക്കപ്പെടുന്നതുവരെ ഈ വാഗ്ദത്തം നിവർത്തീകരിക്കപ്പെടുകയില്ലെന്ന് അദ്ദേഹത്തിന് നല്ലവണ്ണം അറിയാമായിരുന്നു. സുവിശേഷകൻ പറയുന്നത് ശ്രദ്ധിക്കുക. ‘യേശു അന്ന് തേജസ്ക്കരിക്കപ്പെട്ടില്ലായ്കയാൽ ആത്മാവ് വന്നിട്ടില്ലായിരുന്നു’ (യോഹ. 7:39).

യോഹ 14:15-18 വരെയുള്ള വാക്യങ്ങളിൽ യേശു തന്റെ ശിഷ്യന്മാരോട് പറയുന്നതും ശ്രദ്ധേയമാണ്.

‘നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കൽപനകളെ കാത്തുകൊള്ളും.

എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോട് കൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്ക് തരും. ലോകം അവനെ കാണുകയോ, അറിയുകയോ ചെയ്യായ്കയാൽ അതിന് അവനെ ലഭിപ്പാൻ കഴിയുകയില്ല; നിങ്ങളോ അവൻ നിങ്ങളോട് കൂടെ വസിക്കുകയും നിങ്ങളിൽ ഇരിക്കുകയും ചെയ്യുന്നതിനാൽ അവനെ അറിയുന്നു. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല, ഞാൻ നിങ്ങളുടെ അടുക്കൽ വരും’ (യോഹ.14:15-18).

ശ്രദ്ധേയമായ ചില വസ്തുതകൾ ഈ വേദഭാഗത്തിലുണ്ട്. ആദ്യമായി യേശു പറയുന്നത് സത്യത്തിന്റെ ആത്മാവെന്ന മറ്റൊരു കാര്യസ്ഥനെ താൻ അവർക്ക് നൽകുമെന്നാണ്? മറ്റൊരു എന്ന പ്രയോഗത്തിന് ഇവിടെയുള്ള പ്രസക്തി എന്താണ്? യേശു മൂന്നര വർഷകാലം വ്യക്തിപരമായി തന്റെ സാന്നിദ്ധ്യം ശിഷ്യന്മാർക്ക് നൽകിയിരുന്നു. അദ്ദേഹം ഇവിടെ പറയുന്ന ശ്രദ്ധേയമായ കാര്യം ഇതാണ്. ഒരു വ്യക്തി എന്ന നിലയിൽ ഞാൻ നിങ്ങളെ വിട്ടു പിരിയാൻ പോവുകയാണ്. എന്നാൽ ഞാൻ പോകുമ്പോൾ എന്റെ സ്ഥാനത്ത് മറ്റൊരു വ്യക്തി, പരിശുദ്ധാത്മാവ് തന്നെ നിങ്ങളുടെ അടുക്കൽ വരും.

കാര്യസ്ഥൻ എന്ന ഇംഗ്ലീഷ് പരിഭാഷക്ക് യഥാർത്ഥത്തിൽ സുവിശേഷ രചയിതാവ് ഒരു പ്രത്യേക പദമാണ് ഉപയോഗിച്ചിരിക്കുന്നത്. പാരക്ലിക്കോസ് എന്ന ഗ്രീക്ക് പദമാണത്. കത്തോലിക്ക പരിഭാഷകളിൽ ഇത് പാറക്ലീറ്റ് എന്നാണ് അതിന്റെ ഇവിടുത്തെ അർത്ഥം. പരസ്പരം ബന്ധപ്പെട്ട് മൂന്ന് സങ്കല്പങ്ങൾ നമുക്കിവിടെ കാണുവാൻ കഴിയും. കാര്യസ്ഥൻ, ആശ്വാസപ്രദൻ, സഹായകൻ എന്നതാണത്.

> ഹ്രസ്വമായ മൂന്നര വർഷം ഞാൻ നിങ്ങളോട് കൂടെയായിരുന്നു. ഞാൻ ഇപ്പോൾ നിങ്ങളെ വിട്ടുപിരിയുന്നതുകൊണ്ട് നിങ്ങളുടെ ഹൃദയം തകർന്നിരിക്കുകയാണ്. സഹായികളില്ലാതെ നിങ്ങൾ അനാഥരായി തീർന്നിരിക്കുന്നുവെന്ന് നിങ്ങൾക്ക് തോന്നാം. എന്നാൽ നിങ്ങൾക്കൊരു സഹായകനെയും ആശ്വാസകനെയും നൽകുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവൻ നിങ്ങളെ വിട്ടു പിരിയുകയില്ല. അവൻ എല്ലായ്പ്പോഴും നിങ്ങളോട് കൂടെ ഇരിക്കും. അതിനുശേഷം അവൻ അവരോട് പറയുന്നത് ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുക്കൽ വരും എന്നാണ്.

മൂന്നാമതായി, പരിശുദ്ധാത്മാവ് തന്റെ ശിഷ്യന്മാരോടൊപ്പം എന്നേക്കും വസിക്കുമെന്ന് ചൂണ്ടിക്കാണിക്കുവാനും യേശു മുതിരുന്നുണ്ട്. തന്റെ ശിഷ്യന്മാരോട് തനിക്കിനിയുള്ള ബന്ധത്തിന് വിരുദ്ധമെന്ന് തോന്നാവുന്ന ചില സൂചനകളും കർത്താവ് ഇവിടെ നൽകുന്നു. യഥാർത്ഥത്തിൽ അവൻ ഇപ്രകാരമാണ് പറഞ്ഞത്. ഹ്രസ്വമായ മൂന്നര വർഷം ഞാൻ നിങ്ങളോട് കൂടെയായിരുന്നു. ഞാൻ ഇപ്പോൾ നിങ്ങളെ വിട്ടുപിരിയുന്നതുകൊണ്ട് നിങ്ങളുടെ ഹൃദയം തകർന്നിരിക്കുകയാണ്. സഹായികളില്ലാതെ നിങ്ങൾ അനാഥരായി തീർന്നിരിക്കുന്നുവെന്ന് നിങ്ങൾക്ക് തോന്നാം. എന്നാൽ നിങ്ങൾക്കൊരു സഹായകനെയും ആശ്വാസകനെയും നൽകുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവൻ നിങ്ങളെ വിട്ടു പിരിയുകയില്ല. അവൻ എല്ലായ്പ്പോഴും നിങ്ങളോട് കൂടെ ഇരിക്കും. അതിനുശേഷം അവൻ അവരോട് പറയുന്നത് ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. ഞാൻ നിങ്ങളുടെ അടുക്കൽ വരും എന്നാണ്. ഈ വേദഭാഗങ്ങളിൽ നിന്നെല്ലാം നമുക്ക് ലഭിക്കുന്നത് പരിശുദ്ധാത്മാവിനെ കൂടാതെ അവർ അനാഥരാകും എന്ന സൂചനയാണ്. അവനല്ലാതെ അവരെ കരുതുവാനോ സഹായിക്കുവാനോ, ഉപദേശിക്കുവാനോ മറ്റാരുമുണ്ടാകയില്ല. എന്നാൽ പരിശുദ്ധാത്മാവിലൂടെ ഈ വിധ കാര്യങ്ങളെല്ലാം ദൈവം അവർക്കായി കരുതുന്നു.

സംസാരം തുടരുമ്പോൾ യേശു വീണ്ടും ഇതേ പ്രമേയത്തിലേക്ക് മടങ്ങി വരുന്നത് നമുക്ക് കാണുവാൻ കഴിയും.

“എന്നാൽ ഞാൻ നിങ്ങളോട് സത്യം പറയുന്നു; ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും” (യോഹ.16:7).

യേശു പോകുകയാണ് പക്ഷെ അവന്റെ സ്ഥാനത്ത് മറ്റൊരുവൻ വരുവാൻ പോകുന്നു. യോഹന്നാൻ 16:12-15 വരെയുള്ള വാക്യങ്ങളിൽ യേശു ഒരിക്കൽ കൂടി അത്യന്തം പ്രാധാന്യമേറിയ ഈ വിഷയത്തിലേക്ക് മടങ്ങി വരികയാണ്. “ഇനിയും വളരെ നിങ്ങളോട് പറവാൻ ഉണ്ട്; എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല.”

സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകലസത്യത്തിലും വഴി നടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചു തരികയും ചെയ്യും.

അവൻ എനിക്കുള്ളതിൽ നിന്ന് എടുത്ത് നിങ്ങൾക്ക് അറിയിച്ചു തരുന്നതുകൊണ്ട് എന്നെ മഹത്വപ്പെടുത്തും.

പിതാവിനുള്ളത് ഒക്കെയും എനിക്കുള്ളത്; അതുകൊണ്ടത്രേ അവൻ എനിക്കുള്ളതിൽ നിന്നെടുത്ത് നിങ്ങൾക്ക് അറിയിച്ചുതരും എന്ന് ഞാൻ പറഞ്ഞത്” (യോഹ. 16:12-15).

ഈ വാഗ്ദത്തം നിവർത്തിക്കപ്പെട്ടിരിക്കുന്നതിനാൽ പരിശുദ്ധാത്മാവാണ് ഭൂമിയിലെ സ്ഥിരവും വ്യക്തിപരവുമായ ദൈവത്തിന്റെ പ്രതിനിധി. അവൻ പിതാവായ ദൈവത്തിന്റെയും പുത്രനായ ദൈവത്തിന്റെയും വ്യാഖ്യാതാവും അവർ വെളിപ്പെടുത്തുന്നത് പറയുവാനും അവർക്ക് വേണ്ടി ഭരണം നടത്തുന്നവനുമാണ്. യേശു പറഞ്ഞത് അവൻ എനിക്കുള്ളതിൽ നിന്നെടുത്ത് നിങ്ങൾക്കറിച്ചു തരുംഎന്നാണ്. അവന്റെ പിതാവിനുള്ളതൊക്കെയും അവനുള്ളതാണെന്ന് അവൻ കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. അങ്ങനെയെങ്കിൽ പിതാവിലും പുത്രനിലുമുള്ളത് പരിശുദ്ധാത്മാവിലൂടെ നമുക്ക് വെളിപ്പെടുത്തുകയും അവരിലുള്ള മർമ്മങ്ങൾ അവൻ വ്യാഖ്യാനിക്കുകയും, അവർക്ക് വേണ്ടി അവരുടെ പ്രതിനിധിയായി അവൻ കാര്യവിചാരം ചെയ്യുകയും ചെയ്യുന്നു.



# സുവിശേഷവത്ക്കരണം: ചില വസ്തുതകൾ

കെ.സി. ജോൺസൺ

സുവിശേഷീകരണം എല്ലാ വിശ്വാസികൾക്കും ലഭിച്ചിരിക്കുന്ന ദൗത്യമാണ്. നിരപ്പിന്റെ ശുശ്രൂഷ ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്നു (2 കൊരി 5:18,19). യേശുക്രിസ്തു താങ്കളുടെ ജീവിതത്തെ സ്പർശിച്ചിട്ടുണ്ടെങ്കിൽ ആ സന്ദേശം അറിയിക്കുവാൻ താങ്കൾ കടപ്പെട്ടവനാണ്. സുവിശേഷം നേരിട്ട് അറിയിക്കുക, പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക, സുവിശേഷവേലക്കായി പണം നൽകി സഹായിക്കുക തുടങ്ങിയ ശുശ്രൂഷകൾ ഓരോ വിശ്വാസിയും ചെയ്ത് ഭാരതീയ സുവിശേഷീകരണത്തിൽ തന്റെ പങ്കു നിറവേറ്റുക.

ലോകജനസംഖ്യയിൽ രണ്ടാം സ്ഥാനമുള്ള ഒരു മതേതര രാജ്യത്തിലെ പൗരന്മാരാണ് ഭാരതവിശ്വാസികൾ. ദൈവം ഒരുക്കിയ രക്ഷ വ്യക്തിപരമായി അനുഭവിക്കുവാൻ കഴിഞ്ഞ നമുക്കു ദൈവം നൽകിയിരിക്കുന്ന ചുമതലയാണ് ഭാരതസുവിശേഷവൽക്കരണം. അതിനോടുള്ള ബന്ധത്തിൽ ചില വസ്തുതകൾ ചൂണ്ടിക്കാണിക്കുന്നു.

**1. പ്രവർത്തിക്കേണ്ട സ്ഥലം**

സകല ജാതികളെയും ശിഷ്യരാക്കുക എന്നതാണ് കർത്താവു നല്കിയിരിക്കുന്ന കല്പന (മത്തായി 28:19; മർക്കോസ് 16:15; ലൂക്കോസ് 24:47; യോഹ. 21:18). ആദിമ വിശ്വാസികൾ ആ കല്പന അനുസരിച്ച് പോയി പൊതു സ്ഥലങ്ങളിൽ പ്രസംഗിച്ചു.

സഭയ്ക്കുള്ളിൽ സുവിശേഷം പ്രസംഗിക്കുവാനല്ല ദൈവം നമ്മെ അയച്ചിരിക്കുന്നത്, ലോകത്തിലേക്കു, പൊതുസ്ഥലങ്ങളിലേക്കു, വീടുകളിലേക്കു, ആളുകൾ എവിടെ ജീവിക്കുകയും ജോലി ചെയ്യുകയും സമ്മേളിക്കുകയും ചെയ്യുന്നുവോ, അവിടെ സുവിശേഷസന്ദേശം എത്തിച്ചേരണം. ജനമദ്ധ്യത്തിലേക്കു ഇറങ്ങിച്ചെന്നു പ്രവർത്തിച്ചെങ്കിൽ മാത്രമേ അനേകരെ ക്രിസ്തുവിലേക്കു നയിക്കുവാൻ കഴിയുകയുള്ളു. അതിനായി ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു നമുക്കു ചെല്ലാം.

**2. പ്രവർത്തിക്കേണ്ട വ്യക്തി**

സുവിശേഷവേലയ്ക്കായി വേർതിരിക്കപ്പെട്ട സുവിശേഷകന്മാർക്കു മാത്രമാണോ സുവിശേഷം അറിയിക്കുവാനുള്ള ചുമതല നല്കിയിരിക്കുന്നത്? സ്തേഫാനോസിന്റെ മരണശേഷം സഭക്കു ഉപദ്രവം നേരിടുകയും അപ്പോസ്തലന്മാർ ഒഴികെ എല്ലാവരും വിവിധ ദേശങ്ങളിൽ ചിതറിപ്പോകുകയും ചെയ്തു (അപ്പോ. 8:1). അങ്ങനെ "ചിതറിപ്പോയവർ വചനം സുവിശേഷിച്ചുംകൊണ്ടു അവിടവിടെ സഞ്ചരിച്ചു" (അപ്പോ 8:4). ഇവിടെ വചനം സുവിശേഷിച്ചത് സാധാരണക്കാരായ വിശ്വാസികൾ ആയിരുന്നു. അവർ ബൈബിൾ സ്ക്കൂളുകളിലോ സെമിനാരിയിലോ പഠിച്ചവർ ആയിരുന്നില്ല. നിത്യശിക്ഷാവിധിയിൽ നിന്നും വിടുവിക്കപ്പെട്ട സാധാരണക്കാരായ വിശ്വാസികളാണ് ആ ആശ്വാസദായക സന്ദേശം ലോകത്തോടു പറഞ്ഞത്. പൂർണ്ണസമയ സുവിശേഷകന്മാർ മാത്രം പ്രവർത്തിച്ചാൽ ഭാരതീയ സുവിശേഷീകരണ ദൗത്യം നിറവേറ്റുവാൻ കഴികയില്ല.

സുവിശേഷീകരണം എല്ലാ വിശ്വാസികൾക്കും ലഭിച്ചിരിക്കുന്ന ദൗത്യമാണ്. നിരപ്പിന്റെ ശുശ്രൂഷ ദൈവം നമ്മെ ഭരമേല്പിച്ചിരിക്കുന്നു (2 കൊരി 5:18,19). യേശുക്രിസ്തു താങ്കളുടെ ജീവിതത്തെ സ്പർശിച്ചിട്ടുണ്ടെങ്കിൽ ആ സന്ദേശം അറിയിക്കുവാൻ താങ്കൾ കടപ്പെട്ടവനാണ്. സുവിശേഷം നേരിട്ട് അറിയിക്കുക, പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക, സുവിശേഷവേലക്കായി പണം നൽകി സഹായിക്കുക തുടങ്ങിയ ശുശ്രൂഷകൾ ഓരോ വിശ്വാസിയും ചെയ്ത് ഭാരതീയ സുവിശേഷീകരണത്തിൽ തന്റെ പങ്കു നിറവേറ്റുക.

**3. പ്രവർത്തിക്കേണ്ട രീതി**

സുവിശേഷവൽക്കരണം സഭയുടെ ദൗത്യമാണ്. സഭകൾ ഈ ദൗത്യത്തിൽ പരാജയപ്പെട്ടതുകൊണ്ടാണ് ഇന്ന് വിവിധ സംഘടനകൾ ആ ദൗത്യവുമായി മുമ്പോട്ടു വന്നിട്ടുള്ളത്. എന്നാൽ അതിൽ മാത്രം ആശ്വാസം കൊള്ളാതെ, ഓരോ സഭയും ആ സഭയെ ഭരമേല്പിച്ചിരിക്കുന്ന സുവിശേഷീകരണം എന്ന ചുമതല നിർവ്വഹിക്കേണ്ടതാണ്. ഓരോ സഭയുടെയും ചുമതലയിൽ പുതിയ പ്രവർത്തനങ്ങൾ ആരംഭിക്കണം. സുവിശേഷവേലയ്ക്ക് വിളിയുള്ളവരെ ആ നിലയിൽ അംഗീകരിക്കണം. സഭയിലുള്ള എല്ലാ വിശ്വാസികളെയും ഈ ദൗത്യനിർവ്വഹണത്തിനു പ്രോത്സാഹിപ്പിക്കണം. ഏറ്റവും കുറഞ്ഞത് ഒരു സഭയെങ്കിലും സ്ഥാപിക്കണം എന്ന ലക്ഷ്യത്തോടുകൂടി ഓരോ സഭയും പ്രവർത്തിക്കണം. പരിശുദ്ധാത്മശക്തിയിൽ ആദ്യകാല ശിഷ്യന്മാർ കർത്താവിന്റെ സാക്ഷികളായിത്തീർന്നതുപോലെ നമുക്കും സുവിശേഷത്തിന്റെ സാക്ഷികൾ ആയിത്തീരാം. സർവ്വശക്തനായ ദൈവം നമ്മെ അതിനായി സഹായിക്കുമാറാകട്ടെ.

## ➡6 നുഴഞ്ഞുകയറ്റക്കാർ

യേശുക്രിസ്തുവിനെ നിഷേധിക്കുന്ന മുഖം മൂടികളെ സൂക്ഷിക്കുക. ഇവരാണ് നുഴഞ്ഞുകയറുന്നവർ.

ഈ നുഴഞ്ഞുകയറ്റക്കാരെക്കുറിച്ചു പറയുന്ന മറ്റൊരു വിശദീകരണം ഇവർ അഭക്തരാണെന്നാണ്. അഭക്തി, ഭക്തികെട്ടവർ എന്നീ പദങ്ങൾ ആറു പ്രാവശ്യം യൂദാലേഖനത്തിൽ ആവർത്തിക്കുന്നുണ്ട് (15,18 വാക്യങ്ങൾ). ദൈവഭയത്തിൽനിന്നും അന്യർ എന്നാണ് മൂലഭാഷയിലെ അർത്ഥം. ഹൃദയത്തിൽ ദൈവീക ചിന്തകൾക്ക് സ്ഥാനമില്ലാതെ ജീവിക്കുന്നവർ, ദൈവത്തോടുകൂടെ നടക്കാത്തവർ എന്നൊക്കെയാണ് ഈ വാക്കിന്റെ ശരിയായ ആശയം. പൗലോസപ്പോസ്തലൻ പറയുന്നത് നാം അഭക്തരായിരുന്നപ്പോൾ കർത്താവു നമുക്കുവേണ്ടി മരിച്ചു എന്നാണ്. ദൈവഭക്തിയുടെ വേഷം ധരിച്ചവരെക്കുറിച്ചു തിമൊഥെയോസിന്റെ ലേഖനത്തിൽ പറയുന്നുണ്ട് എന്നാണ് ഇംഗ്ലീഷു പരിഭാഷ.

പഴയനിയമത്തിലെ നെബൂഖദ്നേസർ സ്ഥാപിച്ച വലിയ ബിംബം ഈ സത്യത്തെ വ്യക്തമാക്കുന്നു. ഈ ബിംബത്തെ നമസ്ക്കരിക്കാനായിരുന്നു രാജകല്പന. ഈ ബിംബം ദൈവഭക്തിയുടെ വേഷം ധരിച്ച ഒന്നായിരുന്നു. 2 തെസ്സ 2- ാം അദ്ധ്യായത്തിലും വെളിപ്പാടു 13 ാം അദ്ധ്യായത്തിലും ഇങ്ങനെയുള്ള ബിംബത്തെക്കുറിച്ചു വായിക്കുന്നുണ്ട്. എല്ലാ ഭാഗത്തുമുള്ള അടിസ്ഥാനസത്യം ഒന്നു തന്നെ. വലിയവനും നിത്യനും ദഹിപ്പിക്കുന്ന അഗ്നിയുമായ ദൈവത്തെ ഭയപ്പെടുക എന്നുള്ളത് യഥാർത്ഥ ഭക്തിയുടെ യഥാർത്ഥ ബഹിർപ്രകടനമാണ്. എന്നാൽ നുഴഞ്ഞുകയറ്റക്കാർക്ക് ഈ ദൈവഭയം തൊട്ടു തേച്ചിട്ടുപോലുമില്ല.

ഇപ്രകാരമുള്ള ആളുകളുടെ അവസാനം നേരത്തെതന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. പഴയനിയമത്തിൽ യിസ്രായേലിനെ നടത്തുന്നതിനു മുമ്പോട്ടു വന്നിട്ടുള്ള തുമ്പുകെട്ട ഇടയന്മാരെക്കുറിച്ചു പ്രവാചകന്മാർ പറഞ്ഞിട്ടുണ്ട്. ഇവരുടെ അന്തമായ ന്യായവിധി നേരത്തെ തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. നരക യോഗ്യരായ ഇവരെ തക്കസമയത്ത് ആ സ്ഥാനത്തേക്ക് അയയ്ക്കും. ദൈവജനമേ ഈ നുഴഞ്ഞുകയറ്റക്കാരെ ഈ മുഖം മൂടികളെ ശ്രദ്ധിക്കുക. പുറമേ ദൈവഭക്തിയുടെ വേഷം ഉണ്ടായിരിക്കും. ആത്മീയമായ പരിവേഷം ബാഹ്യമായി കണ്ടു എന്നു വരാം. എന്നാൽ ആന്തരികമായി യാതൊരു വെളിച്ചവും ലഭിക്കാത്തവർ. ഇവർക്കെതിരെ സന്ധിയില്ലാ സമരം തന്നെ വേണം.

## ➡3 യുദ്ധവും പണിയും...

സഭാജീവിതത്തിലും ആവശ്യമാണ്.

ഈ വലിയ സാഹസ പരിപാടി വിജയിച്ചു. കാരണം നെഹമ്യാവിന്റെ വാക്കുകൾ പണിക്കാരും ജനങ്ങളും അനുസരിച്ചു. തീർന്നില്ല, "മതിൽ പണിയുന്ന എല്ലാ യഹൂദന്മാരുടെയും പിറകിൽ പ്രഭുക്കന്മാർ നിന്നു" (4:16). നമ്മുടെ "മതിൽ പണി" ക്കുള്ള തകരാർ പ്രഭുക്കന്മാർ പണിക്കാരുടെ പിന്നിൽ ഇല്ലെന്നു മാത്രമല്ല അവരെ മാനസ്സികമായി ക്ഷീണിപ്പിക്കുക കൂടി ചെയ്യുന്നു എന്നുള്ളതാണ്. പിൻതുണക്കേണ്ടവർ ശത്രുക്കളെപ്പോലെ പെരുമാറുകയാണ്.

ദൈവം ഇന്ന് അന്വേഷിക്കുന്നത് ആത്മാർത്ഥതയുള്ള പണിക്കാരെയാണ്. യുദ്ധസജ്ജരായി നിന്ന് പണിയെടുക്കുന്നവരെ. ഇന്നു നമുക്ക് അതിന്റെ അഭാവമുണ്ട്. ഒരു സ്വയപരിശോധയിലൂടെ 'ഞാൻ' ഏതു തരം പണിക്കാരനാണ് എന്നു വിലയിരുത്താം. മറ്റുള്ളവരെ നാം വേണ്ടുവോളം വിമർശിച്ചു കഴിഞ്ഞു അതുകൊണ്ട് ഇനിയും ഓരോ വ്യക്തിയും അയാളെത്തന്നെ വിലയിരുത്തട്ടെ. പണിയാണോ പൊളിക്കലാണോ നടത്തുന്നത് എന്ന്. അതുപോലെ തന്നെ പിൻതുണയാണോ അതോ പിന്നിൽ നിന്നുകുത്തു കയാണോ ചെയ്യുന്നതെന്ന്. യുദ്ധവും പണിയും ഒരുമിച്ചു നടക്കട്ടെ, ഇടവിടാതെയുള്ള പ്രാർത്ഥനയും.

## ബ്രദറൺ ഗോസ്പൽ ഫെലോഷിപ്പിന് പുതിയ ഭാരവാഹികൾ

**റാന്നി:** പ്രാദേശീക ബ്രദറൺ സഭകളുടെ സുവിശേഷസംരംഭമായ ബ്രദറൺ ഗോസ്പൽ ഫെലോഷിപ്പ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. സി.റ്റി. ജോണിക്കുട്ടി പ്രസിഡന്റും കെ.ആർ. കുഞ്ഞൂഞ്ഞ് വൈസ് പ്രസിഡന്റുമായി. ജോർജ്ജ് സി. ജേക്കബ് ആണ് പുതിയ സെക്രട്ടറി, പി.എം. തോമസ് ജോയിന്റ് സെക്രട്ടറിയും സാം ഫിലിപ്പ് ട്രഷററുമായി.

പി.എസ്. ഫിലിപ്പ്, പി.റ്റി. തോമസ്, വി.എം. ജോർജ്ജുകുട്ടി, കെ.വി. മാത്യു, ചാൾസ് ജോൺ, എം.എ. ജോസഫ് തുടങ്ങിയവർ രക്ഷാധികാരികളായി പ്രവർത്തിക്കുന്നു.

ജൂലൈ 4 ന് കീക്കൊഴൂർ പെട്ടക്കുളത്ത് ബ്രദർ സാം ഫിലിപ്പിന്റെ ഭവനത്തിൽ നടന്ന ധ്യാനയോഗത്തിലായിരുന്നു പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. ഭവനസന്ദർശനം, പരസ്യയോഗങ്ങൾ, ട്രാക്റ്റ് പ്രസിദ്ധീകരണം, ക്യാമ്പുകൾ, കൺവൻഷനുകൾ, വചനവിശകലന സമ്മേളനങ്ങൾ ഇവയാണ് അടുത്തകാലത്തെ ബിജിഎഫ് പ്രവർത്തനങ്ങൾ എല്ലാ ബുധനാഴ്ചകളിലും പാക്കാനത്ത് ഭവനസന്ദർശനങ്ങൾ നടന്നുവരുന്നു. പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**ജോർജ്ജ് സി. ജേക്കബ്**
**9745340820**

## പ്രാർത്ഥനാസംഗമം ദാനിയേൽ ചിൽഡ്രൻസ് ഹോമിൽ

**മുണ്ടക്കയം:** ബഥേൽ ചാരിറ്റബിൾ ട്രസ്റ്റിന്റെയും ചുമതലയിൽ 2006 മുതൽ നടന്നുവന്ന പ്രവർത്തനങ്ങൾ 10 വർഷങ്ങൾ പൂർത്തീകരിക്കുവാൻ കർത്താവ് സഹായിച്ചു. മുണ്ടക്കയത്ത് നടത്തിവന്നിരുന്ന 'ദാനിയേൽ ചിൽഡ്രൻസ് ഹോം' സംസ്ഥാന ഗവൺമെന്റ് പുതുതായി ഇറക്കിയ നിയമപ്രകാരം തുടർന്നു കൊണ്ടുപോകുന്നതിന് പ്രായോഗീക ബുദ്ധിമുട്ടുകൾ നേരിട്ടതിനാൽ നിർത്തിവയ്ക്കുന്നതിന് നിർബന്ധിതമായി.

എന്നാൽ ഈ കെട്ടിടവും അനുബന്ധസൗകര്യങ്ങളും സുവിശേഷവൽക്കരണം, ചിൽഡ്രൻസ് മിനിസ്ട്രി, പാസ്റ്ററൽ കൗൺസലിംങ്, ബോധവത്ക്കരണപ്രവർത്തനങ്ങൾ, സുവിശേഷക്യാമ്പുകൾ, സായാഹ്ന ബൈബിൾ ക്ലാസുകൾ, മെഡിക്കൽ ക്യാമ്പുകൾ, സെമിനാറുകൾ തുടങ്ങിയ ആത്മീയ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുവാൻ ആഗ്രഹിക്കുന്നു.

ആഗസ്റ്റ് 2 ചൊവ്വ 2 മണിക്ക് മുണ്ടക്കയം പൈങ്ങനായിലുള്ള ചിൽഡ്രൻസ് ഹോം കെട്ടിടത്തിൽവച്ച് ട്രസ്റ്റിന്റെ ചുമതലയിൽ ഒരു പ്രാർത്ഥനാസംഗമം നടത്തുവാൻ കർത്താവിലാശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത ശുശ്രൂഷയുടെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിക്കുകയും പങ്കെടുക്കുകയും ചെയ്യണമെന്ന് കർത്തൃനാമത്തിൽ അപേക്ഷിക്കുന്നു.

**ഐസക് വി. ജോൺ,**
**ശാമുവേൽ റ്റി.ഫിലിപ്പ്**
**റ്റി.വി. മാത്യു.**

## സൗത്ത് ഡിവിഷൻ പ്രാർത്ഥനാ സമ്മേളനം

**മണ്ണാരത്തറ:** സൗത്ത് ഡിവിഷൻ വൈ.എം.ഇ.എഫ് പ്രാർത്ഥനാ സമ്മേളനം ജൂലൈ 24 ഞായർ 3.30 ന് റാന്നി സീയോൻകുന്ന് സഭാഹാളിൽ നടക്കും. ബ്രദർ റ്റി.പി. തോമസ് വചനശുശ്രൂഷ നിർവ്വഹിക്കും. പ്രാർത്ഥനാപൂർവ്വം പങ്കെടുക്കുക. **പ്രൊഫ. എം.ജെ. കുര്യൻ**
**9495605722**


# കർതൃസന്നിധിയിൽ



**ചെങ്ങന്നൂർ:** മഴുക്കീർ റിട്ട. റെയിൽവേസ്റ്റേഷൻ സൂപ്രണ്ട് പുന്നൂസിന്റെ ഭാര്യ **മേരി പുന്നൂസ്** കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ജൂലൈ 7–ന് മഴുക്കീർ ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**അങ്കമാലി:** മഞ്ഞപ്ര ബ്രദറൺ സഭാംഗമായ മേനാച്ചേരിൽ **എം. വൈ. പൗലോസ് (57)** ജൂലൈ 6–ന് മഹത്വത്തിൽ ചേർക്കപ്പെട്ടു. ജൂലൈ 9–ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**കണ്ടൻപേരൂർ:** പുതുകുഴിയിൽ **പി.റ്റി. മാത്യൂ (ജോപ്പൻ–52)** കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ജൂൺ 28–ന് കണ്ടൻപേരൂർ ശാലേം ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**ന്യൂയോർക്ക്:** ഇമ്മാനുവേൽ ബ്രദറൺ അസംബ്ലി അംഗമായ ബ്രദർ സാമുവേൽ വർഗീസിന്റെ ഭാര്യ **എൽസി വർഗീസ്** ജൂലൈ 1–ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ജൂലൈ 6–ന് സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും.



**അങ്കമാലി:** കിഴക്കേപറമ്പിൽ **കെ.എ. ജോർജ്ജ് (86)** ജൂൺ 29–ന് താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ജൂലൈ 1–ന് അങ്കമാലി വെസ്റ്റ് ബ്രദറൺ അസംബ്ലിയുടെ ചുമതലയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**തിരുവനന്തപുരം:** പേരൂർക്കട കരകുളം മുല്ലശ്ശേരി ബ്രദർ ചന്ദ്രന്റെ മകൻ **വിനയൻ (24)** റോഡപകടത്തെത്തുടർന്ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ജൂൺ 29–ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ ഓർക്കുക.



**പുനലൂർ:** ചെമ്മന്തൂർ ബ്രദറൺ അസംബ്ലി അംഗമായ വി.ഇ. തോമസിന്റെ ഭാര്യ **അന്നമ്മ തോമസ്** ജൂൺ 27–ന് മഹത്വത്തിൽ പ്രവേശിച്ചു. ജൂലൈ 2–ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. വേർപാടിന്റെ ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**പത്തനാപുരം:** കഞ്ഞിക്കുഴിയിൽ പരേതനായ പി.കെ. ഡാനിയേലിന്റെ ഭാര്യ **കുഞ്ഞമ്മ (93)** ജൂൺ 28–ന് കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. ജൂലൈ 1–ന് കലഞ്ഞൂർ ക്രിസ്ത്യൻ ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. പ്രിയപ്പെട്ടവരെ പ്രാർത്ഥനയിൽ ഓർക്കുക.

**പുൽപ്പള്ളി:** കുറിച്ചിപ്പറ്റ സിസ്റ്റർ **മേരി തോമസ് (61)** കർത്താവിൽ നിദ്ര പ്രാപിച്ചു. ജൂലൈ 4–ന് സംസ്കരിച്ചു. വിയോഗ ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും പ്രാർത്ഥനയിൽ ഓർക്കുക.

## സ്നാനശുശ്രൂഷ

കഞ്ഞിക്കുഴി സഭയുടെ സ്നാനശുശ്രൂഷ ജൂലൈ 10 ന് നടന്നു. 5 പേർ സ്നാനമേറ്റു. യാക്കോബായ പശ്ചാത്തലത്തിൽ നിന്നുള്ളവരായിരുന്നു സ്നാനം സ്വീകരിച്ചത്. ബ്രദർ പി.ഐ. ചെറിയാൻ ശുശ്രൂഷ നിർവ്വഹിച്ചു. കുഞ്ഞുമോൻ തോട്ടപ്പള്ളി സന്ദേശം നൽകി.

## പ്രയർ റിട്രീറ്റ് ജൂലൈ 29 ന്

**പെരുമ്പാവൂർ:** ദൈവമക്കളുടെ ആത്മീക അനുഗ്രഹങ്ങൾക്കും സഭകളുടെ ഉണർവ്വിനും ഊന്നൽ നൽകി ജൂലൈ 23 ശനി രാവിലെ 10 മുതൽ 3.30 വരെ പെരുമ്പാവൂർ നെല്ലിമോളം 'ഓവർ വിഷൻ സെന്ററിൽ' പ്രാർത്ഥനാദിനം. ബ്രദർ മാത്യു പോൾ കഴിഞ്ഞ രണ്ടു മാസങ്ങളായി ടി സ്ഥലത്ത് താമസിക്കുന്നു. ഒരു പ്രയർ സെന്റർ ഇവിടെ ഉണ്ടാകണമെന്ന ആഗ്രഹവും സഹോദരനുണ്ട്. വ്യക്തിപരമായ പ്രാർത്ഥനാവിഷയങ്ങളും പങ്കുവയ്ക്കാം. സഹോദരന്മാർക്കും സഹോദരിമാർക്കും പങ്കെടുക്കാം.

സംബന്ധിക്കുവാൻ താല്പര്യമുള്ളവർ മുൻകൂട്ടി അറിയിക്കുന്നത് ഭക്ഷണക്രമീകരണങ്ങൾക്ക് സഹായമായിരിക്കും. സഹോദരന്മാരായ മാത്യു പോൾ, കെ. തോമസ് മാത്യു, മാത്യു വർഗീസ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു. പ്രാർത്ഥിക്കുക, പങ്കെടുക്കുക 9645891018, 9497064018.

## ഏകദിനസമ്മേളനം

തിരുവനന്തപുരം ജില്ലയിലെ രണ്ടാം ശനിയാഴ്ച പ്രവർത്തനത്തിന്റെ ഭാഗമായി പനച്ചമൂട് പുലിയൂർശാല സൗഭാഗ്യ ഓഡിറ്റോറിയത്തിൽ ആഗസ്റ്റ് 15 തിങ്കൾ രാവിലെ 9.15 മുതൽ 4 വരെ ഏകദിനസമ്മേളനം നടക്കും. 'വിശ്വാസിയും അനുകരണവും' എന്ന വിഷയത്തിൽ സഹോദരന്മാരായ ജോസ് മാങ്കുടി, ദാനിയേൽ വർഗീസ് എന്നിവർ ക്ലാസുകൾ എടുക്കും.

## പുതിയ ഭാരവാഹികൾ

**കൊട്ടാരക്കര:** കൊട്ടാരക്കരയും ചുറ്റുപാടുമുള്ള 70–ൽ പരം ബ്രദറൺ സഭകളുടെ ആത്മീക കൂട്ടായ്മയായ ബ്രദറൺ സ്പിരിച്വൽ ആന്റ് ചാരിറ്റബിൾ അസ്സോസിയേഷന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രസിഡന്റ് എ.ഒ. തോമസ്, വൈസ് പ്രസിഡന്റുമാർ പ്രൊഫ. മാത്യൂസ് ഏബ്രാഹാം, പി.പി. മാത്യൂ, സെക്രട്ടറി വി.കെ. മാത്യു. ജോയിന്റ് സെക്രട്ടറിമാർ, ജോൺ സൺ പി.സാം, കെ.വി. പീറ്റർ, ട്രഷറാർ പ്രൊഫ. എം.എം. ജേക്കബ് പുതിയ ഭാരവാഹികളെയും അടുത്ത വർഷത്തെ പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർക്കണമേ.

## വൈ. എം. ഇ. എഫ്

ഇടുക്കി വൈ.എം.ഇ.എഫ് ജൂലൈ 6,7 തീയതികളിൽ രാജകുമാരി സൗത്തിൽ സുവിശേഷ ക്യാമ്പ് നടത്തി. 38 ഓളം സഹോദരന്മാർ പങ്കെടുത്തു. ഭവനസന്ദർശനം, പരസ്യയോഗം, ബൈബിൾ ക്ലാസ് എന്നിവയായിരുന്നു പ്രധാനശുശ്രൂഷകൾ. കെ.പി. ജോർജ്ജ് സ്ഥലത്ത് പ്രവർത്തിക്കുന്നു.

## സുവിശേഷ മഹായോഗവും സംഗീതവിരുന്നും

തെക്കെ കടമ്പനാട് ബ്രദറൺ സഭയുടെ ചുമതലയിൽ ഐവർകാല നടുവിലുള്ള സഭാഹാളിനു സമീപം 2016 ഡിസം.19 തിങ്കൾ മുതൽ 22 വ്യാഴം വരെ സുവിശേഷയോഗങ്ങൾ നടക്കും. കർത്തൃദാസന്മാരായ ജോൺ വർഗീസ്, സാം സഖറിയ, തോമസ്കുട്ടി കുരുവിള, പി.എസ്. തമ്പാൻ തുടങ്ങിയവർ വചനശുശ്രൂഷ നിർവ്വഹിക്കും. ഓടനാവട്ടം ബാബുവിന്റെ നേതൃത്വത്തിലുള്ള ഗായകസംഘം ഗാനശുശ്രൂഷ നിർവ്വഹിക്കുന്നതാണ്.

പി.ജോൺസൺ, എ.പി.ഡാനിയേൽ, പി.ബാബുക്കുട്ടി, ജെ.ജയിംസ്

## ➡1 ഇന്ത്യാ ക്യാമ്പസ് ക്രൂസേഡ്...

ബിൽ ബ്രൈറ്റുമായി ലഭിച്ച ബന്ധത്തിൽ കോളേജ് ക്യാമ്പസുകളിൽ വചനം എത്തിക്കുന്നതിനുള്ള പരിശ്രമത്തിന്റെ ഫലമായി 1968ൽ എറണാകുളം മഹാരാജാസ് കോളേജിൽ ഇന്ത്യ ക്യാമ്പസ് ക്രൂസേഡ് ഫോർ ക്രൈസ്റ്റ് ആരംഭിച്ചു.

കോളേജ് പ്രവർത്തനങ്ങൾ വഴി ലഭിച്ച ചാർലി അംബ്രോ, ജോർജ്ജ് നൈനാൻ എന്നിവർ സഹപ്രവർത്തകരായി. 1970 ൽ ബാംഗ്ലൂർ ആസ്ഥാനമാക്കി ഗ്രേറ്റ് കമ്മീഷൻ ട്രെയിനിംഗ് സെന്റർ ആരംഭിച്ചു. ആ കാലയളവിൽ നാഷണൽ ഡയറക്ടറായി. 1980 മുതൽ 89 വരെ ഇന്ത്യയിലെ മുഴുവൻ കേളേജ് ക്യാമ്പസുകളിലും സുവിശേഷം എത്തിച്ചു. അതിനായി ക്യാമ്പസ് ക്രൂസേഡ് പ്രവർത്തകനും ലോകപ്രശസ്തമാജീഷ്യനുമായ ആൻഡ്രോ കോളിനെ ഇന്ത്യയിലെത്തിച്ചു. ജീസസ് ഫിലിമിലൂടെ ഭാരതത്തിലെ 280 ഭാഷകളിൽ യേശുരക്ഷകനെ പരിചയപ്പെടുത്തി.

1978 ൽ ആരംഭിച്ച മ്യൂസിക് ടീം ഹാർട്ട് ബീറ്റ്സ് ഭക്തവത്സലം, മാത്യു ജോൺ, സണ്ണി ചിറയിൻകീഴ് എന്നിവരുടെ നേതൃത്വത്തിൽ ഭാരതമൊട്ടാകെയും വിദേശരാജ്യങ്ങളിലും ക്യാമ്പസ് ക്രൂസേഡിനെ പ്രതിനിധീകരിച്ച് സാക്ഷ്യം വഹിച്ചു.

സൗത്ത് എഷ്യൻ ഡയറക്ടറായി പ്രവർത്തിച്ചുവരവേ ക്യാമ്പസ് ക്രൂസേജിന്റെ ഇന്റർനാഷനൽ വൈസ് പ്രസിഡന്റായി നിയമിതനായി. ബിൽബ്രൈറ്റിന്റെ രണ്ടാമനായി ശുശ്രൂഷ ചെയ്തു. 30,000 ൽ അധികം പൂർണ്ണസമയ പ്രവർത്തകർ ഇപ്പോൾ ക്യാമ്പസ് ക്രൂസേഡിലൂടെ ലോകമെമ്പാടും പ്രവർത്തക്കുന്നു. ഇത്രയധികം യുവാക്കളെ സ്വാധീനിച്ച മറ്റൊരു പ്രവർത്തകനെ അടുത്തയിടെ ലോകം കണ്ടില്ല.

ഡോ. തോമസ് ഏബ്രഹാമിന്റെ മൃതദേഹം ബാംഗ്ലൂരിലെ ക്യാമ്പസ് ക്രൂസേഡ് ഓഫീസിലെത്തിക്കയും സംസ്കരിക്കയും ചെയ്യും.

## ➡1 ഫിബാ കോൺഫറൻസ്...

പ്രത്യേകം സമ്മേളനങ്ങൾ, താലന്ത് പരിശോധന തുടങ്ങിയ ഒട്ടേറെ പരിപാടികൾ കോൺഫറൻസിൽ ക്രമീകരിച്ചിട്ടുണ്ട്.

ദൈവജനത്തിന് ഒരുമിച്ചു കൂടുവാനും ആത്മീയ കൂട്ടായ്മ പങ്കിടുവാനും ലഭിക്കുന്ന അസുലഭ സന്ദർഭമാണ് കോൺഫറന്സിലൂടെ ഫിബാ സമ്മാനിക്കുന്നത്. കോൺഫറൻസിനായി പ്രാർത്ഥിക്കുകയും പങ്കെടുക്കയും ചെയ്താലും.

## ➡1 സമയം അമൂല്യം; അതുല്യം...

സാമുവേൽ 16 വർഷമായി നടന്നുവരുന്ന ബ്രദറൺ പ്രവാസി കുട്ടികളുടെ സ്പെഷ്യൽ ക്യാമ്പിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ബ്രദർ ചാൾസ് ജോണിന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടെ ഉദ്ഘാടന സമ്മേളനം സമാപിച്ചു. ജൂലൈ 13 മുതൽ 16 വരെ നടന്ന ക്യാമ്പിൽ ഗൾഫ് മേഖലയിൽനിന്നും അവധിക്കെത്തിയ കുഞ്ഞുങ്ങൾ പങ്കെടുത്തു. മാതാപിതാക്കളും സാന്നിദ്ധ്യം കൊണ്ട് ക്യാമ്പിന് അനുഗ്രഹം സമ്മാനിച്ചു.

## ➡1 ഐ. ബി. എഫിന്...

ന്റനിന്നെത്തിയ ജേക്കബ് സാമുവേൽ, ജിജോ തോമസ്, ഷേർളി സാമുവേൽ, ലിനു സാമുവേൽ, എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. തമ്പി തോമസും അലക്സാണ്ടർ കുര്യനും തോമസ് ചാക്കോയും വ്യാഴം, വെള്ളി രാത്രിയോഗങ്ങളിൽ നടന്ന പതിവ് മലയാള ഗാനാലാപനത്തിന് ചുക്കാൻ പിടിച്ചു. കോൺഫറൻസിലെ വിസ്മരിക്കാനാവാത്ത അനുഭവങ്ങളിലൊന്നായിരുന്നു അത്. കേരള സ്വാദ് രണ്ടു ദിവസങ്ങളിലെ ഗാനാലാപനത്തിനും ശേഷം സഹോദരിമാരുടെ വകയായിരുന്നു.

ജൂലൈ 3 ഞായർ സഭായോഗത്തിൽ ബ്രദർ സുനിൽ ആൽബേർട്ട് സമാപനസന്ദേശം നൽകി. ജോർജ്ജ് മാത്യുവിന്റെ പ്രാർത്ഥനയോടെ ഐബിഎഫ് കോൺഫറൻസിനു തിരശ്ശീല വീണു. കർത്താവ് വരുവാൻ താമസിച്ചാൽ 2017 ജൂലൈ 5 മുതൽ 9 വരെ അടുത്ത കോൺഫറൻസ് നടക്കും. ഐബിഎഫ് സന്ദേശങ്ങൾ ibfus.org ൽ നിന്നും കേൾക്കാം. അമേരിക്കയിലെ ദൈവജനത്തെയും അവർ ഭാരതത്തിൽ ചെയ്യുന്ന ആത്മീകശുശ്രൂഷകളെയും പ്രാർത്ഥനയിൽ ഓർത്താലും.

## പരസ്യയോഗങ്ങൾ

**തൃശ്ശൂർ:** മാന്ദാമംഗലം സഭയുടെയും കൊടകര സഭയുടെയും സഹകരണത്തിലും മോചനം ഗോസ്പൽ ടീമിന്റെ നേതൃത്വത്തിലും ആഗസ്റ്റ് 15,16 തീയതികളിൽ പരസ്യയോഗങ്ങളും രാത്രിയോഗങ്ങളും നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സുവിശേഷകന്മാരായ ജോയി ക്രാരിയേലി, രാജേഷ് വാക്കാട്, എം.ആർ. ഷൈജു, ചാലക്കുടി, പി.സി. റെജി, ഒ.ജെ. ജോസഫ് മാന്ദാമംഗലം, ജാക്സൺ വരാക്കര, സി.ആർ. സുരധരൻ തൃശ്ശൂർ തുടങ്ങിയവർ വചനം പ്രസംഗിക്കുന്നു. കൂടാതെ ഇരുസഭകളിലേയും സഹോദരന്മാർ ഈ വേലയിൽ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതാണ്. ശശി ഇഞ്ചക്കുണ്ട്

## പ്രഭാഷണപരമ്പര

കോവളം സഭയുടെ ചുമതലയിൽ തിരുവനന്തപുരം ഗാന്ധിപാർ ക്കിൽ ജൂലൈ 15,16 തീയതികളിൽ വൈകുന്നേരം 4 മുതൽ 8.30 വരെ സുവിശേഷപ്രഭാഷണപരമ്പര നടന്നു. പി.വി. രാജു, ജോൺ പണിക്കർ, ഡോ. ജോൺ ഏബ്രഹാം, എബിസൺ പി. ജോൺ, പി.എസ്. തമ്പാൻ എന്നിവർ പ്രസംഗിച്ചു.

## പുതിയ ഭാരവാഹികൾ

സുവിശേഷകൻ ബാലസംഘം കുമ്പനാട് സെന്റർ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. സി.സി. സാമുവേൽ പ്രസിഡന്റും രാജൻ വി. തോമസ് വൈസ് പ്രസിഡന്റുമായി സുവി. തോമസ് മാത്യുവാണ് പുതിയ സെക്രട്ടറി. സ്റ്റീഫൻ സാം ജോയിന്റ് സെക്രട്ടറിയും പി.റ്റി. തോമസ് ട്രഷററുമായി. ഭാരവാഹികളെയും പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർത്താലും.

